# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.18 No.9 കാർത്തികപ്പള്ളി R.No. 7361/02 2018 SEPTEMBER

www.vedabhimani.com

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## വൺമാൻ കോപ്റ്റർ ടാക്സി

പറക്കും ടാക്സിയുടെ മാതൃകയവതരിപ്പിച്ച് അമേരിക്കൻ കമ്പനി. അമേരിക്കയിലെ കാലിഫോർണിയ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കിറ്റി ഹോക് എന്ന കമ്പനിയാണ് കഴിഞ്ഞ ദിവസം തങ്ങളുടെ പദ്ധതിയുടെ ആദ്യഘട്ടം വിജയകരമായി പൂർത്തിയാക്കിയത്.




റോഡിൽ കാറോടിക്കുന്ന ലാഘവത്തിൽ തങ്ങളുടെ കാർ പറത്താനാകുമെന്ന് കിറ്റി ഹോക് വക്താവ് അറിയിച്ചു. ഹെലികോപ്റ്ററിന്റെ മാതൃകയിൽ പ്രവർത്തിക്കുന്ന ഈ കാറിന് മണിക്കൂറിൽ 32 കിലോമീറ്റർ വേഗം കൈവരിക്കാനാകും. ഊബർ ഉൾപ്പെടെ പല കമ്പനികളും പറക്കും ടാക്സികൾ ആരംഭിക്കുന്നതിനുള്ള ഒരുക്കത്തിലാണ്.

## തലമുറകൾ കൈമാറി

ലോകത്തിലെ ഏറ്റവും പഴക്കമുള്ള ഹോട്ടൽ ഏതാണെന്ന് അറിയാമോ? 1,300 വർഷം പഴക്കമുള്ള ഒരു ഹോട്ടൽ അങ്ങ് ജപ്പാനിലാണുള്ളത്. നിഷിയാമ ഓൺസെൻ കെയുൻക എന്നാണ് ഹോട്ടലിന്റെ പേര്. എ.ഡി.705ൽ തുടങ്ങിയ ഈ ഹോട്ടൽ പഴക്കത്തിന്റെ പേരിൽ ഗിന്നസ് ബുക്കിൽ ഇടം നേടിയിട്ടുണ്ട്. തുടക്കം മുതൽ ഇന്നുവരെ ഒരേ കുടുംബത്തിൽപ്പെട്ടവരാണ് ഈ ഹോട്ടൽ നടത്തിക്കൊണ്ടുപോകുന്നത്. ഈ കുടുംബത്തിലെ 52 തലമുറ ഇതുവരെ ഹോട്ടൽ നടത്തിപ്പിന് മേൽനോട്ടം വഹിച്ചു. സമുറായികൾ മുതൽ ലോകത്തെ പ്രമുഖ രാഷ്ട്രീയക്കാർ



വരെ ഇവിടെ അതിഥികളായി താമസിച്ചിട്ടുണ്ട്. ജപ്പാനിലെ മികച്ച ഹോട്ടലുകളുടെ പട്ടികയിൽ ഈ ഹോട്ടൽ എപ്പോഴും ഇടം പിടിച്ചിട്ടുണ്ട്. 1997ലാണ് ഹോട്ടലിൽ അവസാനമായി അറ്റകുറ്റപ്പണികൾ നടത്തിയത്. 37 മുറികളുള്ള ഈ ഹോട്ടലിൽ ഒരു ദിവസം തങ്ങണമെങ്കിൽ 33,000 രൂപയാണ് വാടക.

# മുതലാളിയായാൽ ഇങ്ങനെ വേണം

ഏത് സ്ഥാപനമായാലും മുതലാളിയും തൊഴിലാളിയും തമ്മിലുള്ള ബന്ധത്തെ ആശ്രയിച്ചായിരിക്കും ആ പ്രസ്ഥാനത്തിന്റെ നിലനിൽപ്പ്. ഈ ബന്ധം നല്ല രീതിയിൽ കൊണ്ടുപോകുവാൻ കുറച്ച് ത്യാഗവും വിട്ടുവീഴ്ചയും ഒക്കെ ആവശ്യമാണ്.

മുതലാളികൾക്കുതന്നെ ഒരു ഉത്തമ മാതൃകയാവുകയാണ് ബ്രിട്ടനിലെ കമ്പാരിസൺ വെബ്സൈറ്റ് സ്ഥാപകനും എം.ഡിയുമായ ക്രിസ്മോർലിംഗ്.

തന്റെ കമ്പനിയിലെ ജീവനക്കാരുടെ ആവശ്യം അറിഞ്ഞാണ് ഇദ്ദേഹം പ്രവർത്തിക്കുന്നത്. 45 ശതമാനം ബോണസ്, സൗജന്യഭക്ഷണം, വാർഷിക ഹോളിഡേ, വിശ്രമിക്കാൻ ഓഫീസിൽ തന്നെ തിയേറ്ററും ജിമ്മും തുടങ്ങി എല്ലാവിധ സൗകര്യങ്ങളുമാണ് ക്രിസ് മോർലിംഗ് ഇവിടെ ഒരുക്കിയിരിക്കുന്നത്.

കമ്പനിയുടെ ഹെഡ്ക്വാർട്ടേഴ്സ് മൂന്ന് മില്യൺ പൗണ്ട് മുടക്കി നവീകരിച്ചതാണ് ഏറ്റവും അവസാനം അദ്ദേഹം തൊഴിലാളികൾക്കുവേണ്ടി ചെയ്തത്. സ്വന്തം തൊഴിലാളികളെ കമ്പനിയുടെ മൂലധനമായി കാണുന്ന ഇദ്ദേഹം ജീവനക്കാർക്ക്



അഭിമാനവും മറ്റ് മുതലാളിമാർക്ക് എന്നും ഒരു മാതൃകയുമാണ്.

## കണ്ടുപഠിക്കണം ചൈനയെ

നമ്മുടെ നാട്ടിൽ റോഡുകൾ വെറും ഗതാഗത മാർഗ്ഗങ്ങൾ മാത്രമാണ്. എന്നാൽ ചൈനക്കാർക്ക് അങ്ങനെയല്ല. അവർ റോഡുകൾ നിർമ്മിക്കുമ്പോൾ അതിൽ നിന്ന് കഴിയുന്നത്ര പ്രയോജനങ്ങൾ നേടാനാണ് ശ്രമിക്കുന്നത്.

ഇതിന്റെ ഭാഗമായി അവർ ഈയിടെ ഒരു പുതിയതരം റോഡ് നിർമ്മിച്ചു. നമ്മുടെ നാട്ടിൽ റോഡുകൾ ടാറിട്ട് സഞ്ചാരയോഗ്യമാക്കുമ്പോൾ ചൈനക്കാർ ടാറിനുപകരം ഉപയോഗിച്ചത് സോളാർ പാനലുകളാണ്. റോഡുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് അവയ്ക്ക് മുകളിൽ കട്ടിയുള്ള പ്ലാസ്റ്റിക് കവചങ്ങൾ വിരിച്ചാണ് ചൈനയുടെ പുതിയ പരീക്ഷണം.

എത്ര ഭാരമുള്ള വാഹനങ്ങൾ മുകളിലൂടെ പോയാലും സോളാർ പാനലുകൾക്ക് കേടുവരാത്ത രീതിയിലാണ് റോഡുകളുടെ നിർമ്മാണം. ഇത്തരത്തിൽ പകലു മുഴുവൻ കിലോമീറ്റർ കണക്കിന് ദൂരത്തിൽ സ്ഥാപിച്ചിരിക്കുന്ന സോളാർ പാനലുകളിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കാം. റോഡിലെ സിഗ്നൽ സംവിധാനങ്ങൾ പ്രവർത്തിപ്പിച്ചതിനുശേഷം മിച്ചം



വരുന്ന വൈദ്യുതി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

ചില മാസങ്ങളിൽ ശക്തമായ മഞ്ഞുവീഴ്ചയെ തുടർന്ന് ചൈനയിൽ റോഡു ഗതാഗതം തടസപ്പെടാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ സോളാർ പാനൽ റോഡുകൾ തനിയെ ചൂടായി ഈ മഞ്ഞ് ഉരുക്കികളയാനുള്ള സാങ്കേതിക വിദ്യയും ഈ റോഡുകളിൽ ഒരുക്കിയിരിക്കുന്നു.

പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ചിരിക്കുന്ന ഇത്തരം റോഡുകളിലൂടെ ഇപ്പോൾ ഗതാഗതം തുടങ്ങിയിട്ടുണ്ട്. ഇത് വിജയിക്കുകയാണെങ്കിൽ കൂടുതൽ റോഡുകൾ ഇങ്ങനെ പണിയാനാണ് ചൈനീസ് സർക്കാരിന്റെ പദ്ധതി.

## റിബൺ പാലം

മഞ്ഞ റിബൺ കൊണ്ട് പുഴയ്ക്കു കുറുകെ നിർമ്മിച്ച പാലം. ഇറ്റലിയിലെ ക്രിസ്റ്റോ എന്ന ആർട്ടിസ്റ്റിന്റെ കരവിരുതാണ് ഇത്. ഇസിയോ എന്ന നദിക്കു കുറുകെയാണ് ഫ്ളോട്ടിംഗ് പിയേഴ്സ് എന്ന ഈ റിബൺ പാലം ഉള്ളത്. റിബൺ കൊണ്ടുള്ള പാലത്തിലൂടെ എങ്ങനെ നടക്കാനാണ് എന്ന് പലരും ചിന്തിക്കുന്നുണ്ടാവും. എങ്കിൽ കേട്ടോളൂ, പ്ലാസ്റ്റിക് കുഴലുകൾ തമ്മിൽ ബന്ധിപ്പിച്ച് വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന പാലം ആദ്യം പണിതു. ഈ കുഴൽപാലത്തിനുമേലാണ് 70,000 സ്ക്വയർ മീറ്റർ നീളത്തിൽ മഞ്ഞ റിബൺ വിരിച്ചത്. ഇസിയോ നദിയിലെ രണ്ട് തുരു



ത്തുകളെ തമ്മിൽ ബന്ധിപ്പിച്ചാണ് ആർട്ടിസ്റ്റ് ക്രിസ്റ്റോ ഈ ഒഴുകുംപാലം നിർമ്മിച്ചിട്ടുള്ളത്.

## കറങ്ങുന്ന ആഡംബരം

ഇതാ മറ്റൊരു പരീക്ഷണത്തിനു ഒരുങ്ങുകയാണ് ദുബായ് നഗരം. കറങ്ങുന്ന ആഡംബര വീടുകൾ എന്നതാണ് പുതിയ സംരംഭം. ദുബായിലെ ഡൈനാമിക് ടവർ ഹോട്ടലിലാണ് ഈ പരീക്ഷണം ഒരുങ്ങുന്നത്.

2020 ആകുമ്പോഴേക്കും ഹോട്ടൽ പ്രവർത്തനമാരംഭിക്കും. 80 നിലകളിലുള്ള



ഒരു കൂറ്റൻ കെട്ടിടമാണ് ഡൈനാമിക് ടവർ ഹോട്ടൽ. ഇതിലെ ഓരോ നിലയും 360 ഡിഗ്രിയിൽ കറങ്ങും എന്നതാണ് ഈ കെട്ടിടത്തിന്റെ സവിശേഷത. ദുബായിയുടെ 360 ഡിഗ്രി കാഴ്ചകളും കെട്ടിടത്തിന്റെ ഏതു മുറിയിൽ ഇരുന്നാലും കാണാൻ കഴിയും.

## മേശയ്ക്ക് വില 78 കോടി

ഇറ്റലിയിൽ കഴിഞ്ഞ ദിവസം ലേലത്തിന് എത്തിയ ഒരു മേശയ്ക്ക് വില 78 കോടി രൂപ. 1568ൽ നിർമ്മാണം പൂർത്തിയായ ഈ മേശയ്ക്ക് നിരവധി പ്രത്യേകതകളുണ്ട്.

പ്രശസ്ത ഇറ്റാലിയൻ കലാകാരനും ശില്പിയുമൊക്കെയായിരുന്ന ജിയോർജിയോ വസാരിയാണ് ഈ മേശ രൂപകൽപ്പന ചെയ്തതെന്നാണ് ഈ മേശയുടെ ഏറ്റവും വലിയ പ്രത്യേകത. ആ കാലഘട്ടത്തിൽ ഇറ്റലിയിലെ ഏറ്റവും മൂല്യമേറിയ ശിൽപ്പിയായിരുന്നു വസാരി. ഇറ്റ



ലിയിലെ രാജകുടുംബത്തിന്റെ ആവശ്യപ്രകാരമാണ് മേശ നിർമിച്ചത്. രാജകുടുംബം പുതിയതായി ഒരു അവധിക്കാല വസതി നിർമിക്കാൻ തീരുമാനിച്ചപ്പോൾ അവിടേക്കാവശ്യമായ മുഴുവൻ ഫർണിച്ചറുകളുടെയും പെയിന്റിംഗുകളുടെയും നിർമാണ ചുമതല വസാരിക്കായിരുന്നു. വസാരി തന്നെ വികസിപ്പിച്ചെടുത്ത ഒരു പ്രത്യേക രീതി അനുസരിച്ചാണ് മേശ നിർമിച്ചത്.

വളരെ വിലകൂടിയ, അപൂർവങ്ങളായ നിരവധി കല്ലുകൾ ഉപയോഗിച്ചാണ് മേശയുടെ നിർമാണം. വെളുത്ത മാർബിളിന്റെ മുകളിൽ ജാസ്പെറും, ലാപിസ് ലസൂലിയും പോലുള്ള കല്ലുകൾ മനോഹരമായി കൊത്തിയെടുത്ത് അലങ്കരിച്ചിരിക്കുന്നു. പത്തുവർഷമെടുത്താണ് ഈ മേശയുടെ നിർമാണം പൂർത്തിയാക്കിയത്. ഇതിന്റെ ചെലവ് എത്രയാണെന്നതിനെക്കുറിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. എന്നാൽ അക്കാലത്ത് ഇതിന്റെ നിർമാണ ചെലവ് തീർച്ചയായും ഒരു റിക്കാർഡായിരിക്കാമെന്ന് പുരാവസ്തു ശാസ്ത്രജ്ഞർ പറയുന്നു. 400 വർഷം പഴക്കമുണ്ടെങ്കിലും മേശയ്ക്ക് യാതൊരു കേടുപാടും സംഭവിച്ചിട്ടില്ല.


## അറിയാനും പറയാനും

ദൈവം സത്യമോ, മിഥ്യയോ? പ്രപഞ്ചം ദൈവം സൃഷ്ടിച്ചു എന്നതിന് എന്താണ് തെളിവ്? ഏകനായ ദൈവം എങ്ങനെയാണ് മൂന്നു ദൈവമാകുന്നത്? ആദാമിന്റെ പാപം മനുഷ്യവർഗ്ഗത്തെ ബാധിക്കുന്നതെങ്ങനെ? മരണാനന്തര ജീവിതത്തിന് എന്ത് സാധ്യത? എന്തു യുക്തി? ആധുനീക യുഗത്തിൽ ബൈബിളിന് എന്ത് ആധികാരികതയും പ്രസക്തിയുമാണുള്ളത്? യേശു ദൈവമാകുന്നതെങ്ങനെ? ഇങ്ങനെയുള്ള ബൈബിൾ വിമർശകരുടെ ചോദ്യങ്ങൾക്കുള്ള മറുപടി എന്തെന്ന് അറിയാനും പറയാനും സഹായിക്കുന്ന പ്രസിദ്ധീകരണങ്ങൾക്ക് ബന്ധപ്പെടുക.

ടൈറ്റസ് കാർത്തികപ്പള്ളി
കേരള - 690516

✆ 9847232598
vedabhimani@gmail.com



| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.150 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |



# കഥയില്ലാ മതമല്ല ക്രിസ്ത്യാനിത്വം

**ക്രിസ്ത്യാനികളെ ഭോഷന്മാരാക്കിയും കേൾവിക്കാരെ വിഡ്ഢികളാക്കിയും വഴിതെറ്റിക്കുന്ന ഗോപാലകൃഷ്ണന്റെ വിഷം പുരട്ടിയ ക്രൈസ്തവവിരുദ്ധ പ്രസ്താവനകൾക്കുള്ള വേദാഭിമാനിയുടെ മറുപടി**

## യേശു മിഥ്യാവാദം

ഗ്രീക്ക് പുരാണം കൗതുകകരമായ കഥകളുടെ സഞ്ചയമാണ്. ദേവന്മാരെയും മനുഷ്യരേയും കേന്ദ്രകഥാപാത്രങ്ങളാക്കി ഭാവനാസമ്പന്നരായ പുരാതന ഗ്രീക്കു ജനത നെയ്തെടുത്ത കഥകൾ പിന്നീട് അല്പം ചില ഭേദഗതികളോടെ റോമാക്കാരുടെയും പൈതൃകമായി മാറി. ആകാരത്തിലും വികാരത്തിലും മനുഷ്യസദൃശ്യരായിരുന്ന ഗ്രീക്കു ദേവീദേവന്മാരുടെ രോഷവും പകയും എടുത്തുചാട്ടവും പ്രണയചാപല്യങ്ങളും വിഢ്ഢിത്തരങ്ങളും അനുകമ്പയും എല്ലാം ഈ പുരാണകഥകളിലുണ്ട്. ഈ കഥകളുടെ ഏറ്റവും പുരാതന സ്രോതസ്സ് ഹോമറാണ്. ക്രിസ്തുവിനു മുമ്പ് നാലും അഞ്ചും നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന യൂറിപീഡിസും, സോഫോക്ലിസും, അരിസ്റ്റോഫേനസും മറ്റു പലരും ഈ കഥകളെ ആധാരമാക്കി നാടകങ്ങളെഴുതി. പിന്നീട്, ക്രിസ്തുവിന്റെ ജനനത്തിന് പതിനേഴോ പതിനെട്ടോ കൊല്ലം മുമ്പ് ഈ കഥകളെല്ലാം ലാറ്റിൻ സാഹിത്യകാരനായ ഓവിഡ്, "രൂപാന്തരങ്ങൾ" എന്ന തന്റെ കൃതിയിൽ ക്രോഡീകരിച്ചു. ഏതു സന്ദർഭത്തിനും സാഹചര്യത്തിനും അനുയോജ്യമായ കഥകൾ ഇവിടെ കാണാം.

ഹോമറും, യൂറിപ്പിഡിസും, സോഫോക്ലീസും, അരിസ്റ്റോഫേനസും ഓവിഡും, വിർജിലും ഒരേ വിധത്തിലല്ല ഈ കഥകൾ പറയുന്നത്. കാലാന്തരത്തിൽ ഗ്രീക്ക് ചിന്താഗതി സമീപപ്രദേശങ്ങളിലേക്ക് പടർന്നതോടെ, പ്രാദേശികദൈവങ്ങളുടെ സവിശേഷതകൾ കൂടി ഗ്രീക്കു ദൈവങ്ങൾ ഉൾക്കൊണ്ടെന്നും അങ്ങനെ കഥകളുടെ ഉൾപ്പിരിവുകൾ വർദ്ധിച്ചുവെന്നും ഹാമിൽട്ടൺ അഭിപ്രായപ്പെടുന്നു.

## ഹോറസ്



*ഇതാണ് ഗോപാലകൃഷ്ണൻ പറയുന്ന ഹോറസ്*

പുരാതന ഈജിപ്റ്റിൽ ആരാധിച്ചിരുന്ന ഒരു സുപ്രധാന ദേവനാണ് ഹോറസ്. പ്രീഹിസ്റ്റോറിക് ഈജിപ്റ്റ്, ടോളമിക് സാമ്രാജ്യം, റോമൻ-ഈജിപ്റ്റ് എന്നീ കാലഘട്ടങ്ങൾ വരെ ഹോറസ്സിന്റെ ആരാധന നിലനിന്നിരുന്നു. ഹോറസ് ദേവന്റെ വിവിധ രൂപങ്ങൾ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയെ വ്യത്യസ്ത ദൈവങ്ങളായാണ് ഈജിപ്റ്റോളജിസ്റ്റുകൾ കണക്കാക്കുന്നത്. സാധാരണയായി ഹോറസ് ദേവനെ ഒരു ഫാൽക്കണിന്റെ രൂപത്തിലാണ് ചിത്രീകരിക്കാറുള്ളത്. ഇതൊരുപക്ഷെ ലാന്നെർ ഫാൽക്കണോ അല്ലെങ്കിൽ പെറിഗ്രൈൻ ഫാൽക്കണോ ആയിരിക്കാം. ചിലപ്പോൾ ഫാൽക്കൺ ശിരസ്സോടുകൂടിയ മനുഷ്യരൂപത്തിലും ഹോറസിനെ ചിത്രീകരിക്കാറുണ്ട്.

ഈ ഹോറസിന്റെ കോപ്പിയടി പതിപ്പാണ് യേശു എന്ന് ഗോപാലകൃഷ്ണൻ വാദിക്കുന്നു. യേശു ഒരു ചരിത്ര പുരുഷനായിരുന്നില്ലെന്നും ഒരു ഐതിഹാസിക കഥാപാത്രം മാത്രമായിരുന്നെന്നും സമർത്ഥിക്കുന്ന വാദമാണ് യേശു മിഥ്യാവാദം അഥവാ ക്രിസ്തു മിഥ്യാവാദം (Jesus myth theory/ Christ myth theory). ഗ്രീക്കോ റോമൻ ദൈവസങ്കല്പങ്ങളേയും ആചാരങ്ങളേയും അടിസ്ഥാനപ്പെടുത്തി ആദിമ ക്രൈസ്തവർ രൂപപ്പെടുത്തിയ ആരാധനാപാത്രമാണ് യേശുക്രിസ്തു എന്നാണ് മിഥ്യാവാദികൾ കരുതുന്നത്. ജീവിച്ചിരുന്ന ഒന്നോ അതിലധികമോ വ്യക്തികളെ ആസ്പദമാക്കി ദിവ്യപരിവേഷം ചാർത്തി ഉണ്ടാക്കിയ ഐതിഹാസിക നായകനാവാം യേശു എന്നു കരുതുന്നവരും കുറവല്ല. കന്യാജനനം, ദിവ്യാൽഭുത പ്രവർത്തനങ്ങൾ, മരണാനന്തര ഉയർത്തെഴുന്നേൽപ്പ്, ആകാശാരോഹണം, ഇവയെല്ലാം ഗ്രീക്കോ റോമൻ ദേവകഥകളിൽ നിന്നും കടമെടുത്ത് ആദിമ ക്രൈസ്തവർ ഉണ്ടാക്കിയതാണ് യേശു എന്ന് ഗോപാലകൃഷ്ണൻ പറയുന്നു. ബൈബിളേതര സ്രോതസുകളിലൊന്നിലും യേശുക്രിസ്തുവിനെക്കുറിച്ച് പരാമർശങ്ങൾ ഇല്ല എന്ന് ഗോപാലകൃഷ്ണൻ ചൂണ്ടിക്കാണിക്കുന്നു.

ആൽബർട്ട് ഐൻസ്റ്റീൻ എന്നു പേരുള്ള ഒരു മനുഷ്യൻ ജീവിച്ചിരുന്നു എന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ഉവ്വ് എന്നു നിങ്ങൾ പെട്ടെന്നുതന്നെ ഉത്തരം പറഞ്ഞേക്കാം. എന്തുകൊണ്ട്? ഇന്ന് ജീവിച്ചിരിക്കുന്ന ആരും അദ്ദേഹത്തെ നേരിൽ കണ്ടിട്ടില്ല. പക്ഷേ അദ്ദേഹം കൈവരിച്ച നേട്ടങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ, അദ്ദേഹം ജീവിച്ചിരുന്നു എന്നതിനു തെളിവാണ്. ഐൻസ്റ്റീന്റെ കണ്ടുപിടിത്തങ്ങളുടെ ശാസ്ത്രീയ പ്രയുക്തത നിമിത്തം അദ്ദേഹത്തിന്റെ സ്വാധീനം ഇന്നും പ്രകടമാണ്. ഉദാഹരണത്തിന്, ആണവോർജ്ജത്തിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതികൊണ്ട് അനേകർ പ്രയോജനം അനുഭവിക്കുന്നു. ഐൻസ്റ്റീനിന്റെ വിഖ്യാതമായ സമവാക്യവുമായി ബന്ധപ്പെട്ടതാണ് ആ പ്രക്രിയ. അതാണ് $E=mc^2$ (ഊർജ്ജം = പിണ്ഡം x പ്രകാശവേഗ വർഗം).

ചരിത്രത്തിൽ ഏറ്റവും സ്വാധീനം ചെലുത്തിയ മനുഷ്യൻ എന്ന ഖ്യാതി നേടിയ യേശുക്രിസ്തുവിന്റെ കാര്യത്തിലും ഇതു സത്യമാണ്. യേശുവിനെക്കുറിച്ച് എഴുതിയിട്ടുള്ള കാര്യങ്ങളും യേശുവിന്റെ സ്വാധീനശക്തിയുടെ ദൃശ്യതെളിവും അവിടുന്ന് ജീവിച്ചിരുന്നു എന്നു വിശ്വസിക്കാൻ തക്ക തെളിവുകൾ തന്നെയാണ്. പുതിയ നിയമത്തിൽ കാണപ്പെടുന്ന കൃത്യമായ ചരിത്രം മനുഷ്യരാൽ കെട്ടിച്ചമച്ചെടുക്കപ്പെട്ടുവെന്നും അതിനെ വിശ്വസിച്ച് മാനവചരിത്രത്തിൽ വൻ സ്വാധീനം ചെലുത്തിയിട്ടുള്ള, ലോകത്താകമാനം കോടാനുകോടി വിശ്വാസികളുള്ള ഒരു മതം തന്നെ ഉളവായെന്നും വിശ്വസിക്കുന്നത് യുക്തിക്കും ബുദ്ധിക്കും നിരക്കുന്നതല്ല. ഒന്നാം നൂറ്റാണ്ടിലെ ചരിത്രകാരന്മാർ യേശുവിനെക്കുറിച്ച് വലിയ പരാമർശങ്ങൾ നടത്താത്തതിനു കാരണം ഭൂരിഭാഗം യഹൂദരും റോമാക്കാരും യേശു മിശിഹായാണെന്ന് അംഗീകരിക്കാത്തവരും അവന്റെ എതിരാളികളും ആയതിനാലായിരിക്കാമെന്ന് ചരിത്രകാരന്മാർ പറയുന്നു. പുതിയ നിയമം കെട്ടുകഥയാണെങ്കിൽ സമകാലികമായ മറ്റ് പല ചരിത്ര ഗ്രന്ഥങ്ങളും കെട്ടുകഥയാണെന്ന് അനുമാനിക്കേണ്ടിവരും.

ഒന്നാം നൂറ്റാണ്ടിലെ യഹൂദ ചരിത്രകാരനും ഒരു പരീശനും ആയിരുന്ന ഫ്ളേവിയസ് ജോസീഫസിന്റെ 'യഹൂദ പുരാവൃത്തങ്ങൾ' എന്ന പുസ്തകത്തിൽ അദ്ദേഹം യേശുക്രിസ്തുവിനെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. തന്റെ പുസ്തകത്തിൽ ജോസീഫസ് പറയുന്നത് ഇങ്ങനെയാണ്: "മഹാപുരോഹിതനായ അനാനസ് സൻഹെദ്രിമിലെ ന്യായാധിപ സഭയെ വിളിച്ചുകൂട്ടുകയും യാക്കോബ് എന്നു പേരുള്ള ഒരു മനുഷ്യനെ അവരുടെ മുമ്പാകെ കൊണ്ടുവരികയും ചെയ്തു. അവൻ ക്രിസ്തു എന്നു വിളിക്കപ്പെട്ട യേശുവിന്റെ സഹോദരനായിരുന്നു."




(യഹൂദ പുരാവൃത്തങ്ങൾ, XX, 200) അതേ, യേശുവിന്റെ ശത്രുക്കളാണു തങ്ങൾ എന്നു പരസ്യമായി പറയുന്ന പരീശന്മാർ എന്നറിയപ്പെടുന്ന ഒരു മതഭേദത്തിലെ അംഗമായ ചരിത്രകാരൻ "യേശുവിന്റെ സഹോദരനായ യാക്കോബ്" എന്നു സമ്മതിച്ചു പറയുന്നു. ലോകത്തിലെ ഏറ്റവും മഹാനായ ചരിത്രകാരനായി കണക്കാക്കപ്പെടുന്ന റ്റാസിറ്റസ്, തന്റെ വൃത്താന്ത പുസ്തകത്തിൽ ക്രിസ്ത്യാനികളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. 64-ൽ റോമാനഗരം കത്തിയെരിഞ്ഞതിന് റോമൻ ചക്രവർത്തിയായിരുന്ന നീറോ ക്രിസ്ത്യാനികളെ പഴിചാരിയതിനെക്കുറിച്ചുള്ള തന്റെ വിവരണത്തിൽ ചരിത്രകാരൻ ഇപ്രകാരം പറയുന്നു: "ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെടുന്നവരുടെ മേൽ നീറോ കുറ്റം ചുമത്തുകയും ഏറ്റവും ഹീനമായ പീഡനങ്ങൾ അടിച്ചേൽപ്പിക്കുകയും ചെയ്തു. ക്രിസ്ത്യാനി എന്ന പേര് ആരിൽനിന്ന് ഉത്ഭവിച്ചുവോ ആ ക്രിസ്തസ്, തിബര്യോസിന്റെ ഭരണകാലത്ത് നമ്മുടെ നാടുവാഴികളിൽ ഒരാളായ പൊന്തിയൊസ് പീലാത്തൊസിന്റെ കയ്യാൽ ഏറ്റവും കഠിനമായ ശിക്ഷ സഹിച്ചു."



യേശുവിനെക്കുറിച്ചു ബൈബിൾ പറയുന്നതുമായി ഈ വിവരണം യോജിക്കുന്നു. യേശുവിന്റെ അനുഗാമികളെ കുറിച്ചു പരാമർശിച്ച മറ്റൊരു എഴുത്തുകാരൻ, ബിഥുന്യയിലെ ഗവർണറായ പ്ലിനി ദി യംഗർ ആയിരുന്നു. ക്രിസ്ത്യാനികളെ എങ്ങനെ കൈകാര്യം ചെയ്യണം എന്ന് പ്ലിനി ഏകദേശം 111-ൽ, ട്രാജൻ ചക്രവർത്തിയോട് എഴുതി ചോദിച്ചു. ക്രിസ്ത്യാനികൾ എന്നു തെറ്റായി മുദ്രകുത്തപ്പെട്ടവർ, തങ്ങൾ ക്രിസ്ത്യാനികൾ അല്ലെന്നു തെളിയിക്കാനായി മറ്റു ദൈവങ്ങളോടുള്ള ഒരു പ്രാർത്ഥന ഏറ്റുചൊല്ലുകയും ട്രാജന്റെ നിയമങ്ങളെ ഉപാസിക്കുകയും ചെയ്തിരുന്നു എന്ന് പ്ലിനി എഴുതി. അദ്ദേഹം ഇപ്രകാരം തുടരുന്നു: "എന്നാൽ യഥാർഥ ക്രിസ്ത്യാനികൾ യാതൊരുവിധ അനുരഞ്ജനത്തിനും തയ്യാറല്ലായിരുന്നു." ഇതു തെളിയിക്കുന്നത് യേശുക്രിസ്തു ജീവിച്ചിരുന്നു എന്നുതന്നെയാണ്. അവനിലുള്ള വിശ്വാസത്തെപ്രതി അവന്റെ അനുഗാമികൾ തങ്ങളുടെ ജീവൻ ബലി നൽകാൻ പോലും ഒരുക്കമായിരുന്നു.

യേശുവിനെയും അവന്റെ അനുഗാമികളെയും സംബന്ധിച്ച ഒന്നും രണ്ടും നൂറ്റാണ്ടുകളിലെ ചരിത്രകാരന്മാരുടെ പരാമർശങ്ങൾ സംക്ഷേപിച്ചശേഷം, ദി എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക (2002 പതിപ്പ്) ഈ നിഗമനത്തിലെത്തുന്നു: "പുരാതനകാലങ്ങളിൽ, യേശു ഒരു യഥാർത്ഥ വ്യക്തിയായിരുന്നു എന്ന വസ്തുത ക്രിസ്ത്യാനിത്വത്തിന്റെ ശത്രുക്കൾപോലും ഒരിക്കലും സംശയിച്ചിരുന്നില്ല." അപ്പൊസ്തലനായ പൗലൊസ് ഇപ്രകാരം പറഞ്ഞു: "യഹൂദർ അടയാളങ്ങൾ ആവശ്യപ്പെടുന്നു; ഗ്രീക്കുകാർ വിജ്ഞാനം അന്വേഷിക്കുന്നു. ഞങ്ങളാകട്ടെ, യഹൂദർക്ക് ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു" (1 കൊരിന്ത്യർ 1:22-23). ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെക്കുറിച്ചുള്ള സന്ദേശം യഹൂദന്മാർക്കോ ജാതികൾക്കോ ആകർഷകമല്ലായിരുന്നു. എങ്കിലും ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ പ്രസംഗിച്ചത് ആ ക്രിസ്തുവിനെക്കുറിച്ചാണ്. എന്തുകൊണ്ടാണ് ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെക്കുറിച്ചു പ്രസംഗിച്ചത്? ക്രിസ്തീയ ഗ്രീക്കു തിരുവെഴുത്തുകളുടെ എഴുത്തുകാർ യേശുവിന്റെ ജീവിതത്തെയും മരണത്തെയും കുറിച്ചുള്ള സത്യമാണ് രേഖപ്പെടുത്തിയത് എന്നതാണ് ഇതിനുള്ള തൃപ്തികരമായ ഒരേയൊരു വിശദീകരണം.




യേശുവിന്റെ അനുഗാമികൾ അവന്റെ പഠിപ്പിക്കലുകളെ കുറിച്ച് അക്ഷീണം പ്രസംഗിച്ചത് യേശു ജീവിച്ചിരുന്നു എന്നതിനുള്ള ന്യായയുക്തമായ മറ്റൊരു തെളിവാണ്. യേശു ശുശ്രൂഷ ആരംഭിച്ച് ഏതാണ്ട് 30 വർഷം കഴിഞ്ഞ്, സുവാർത്ത 'ആകാശത്തിൻകീഴെ സകലസൃഷ്ടികളുടെയും ഇടയിൽ ഘോഷിച്ചിരിക്കുന്നു' എന്നു പൗലൊസിനു പറയാൻ കഴിഞ്ഞു (കൊലൊസ്യർ 1:23). അതെ, എതിർപ്പുകളുടെ മധ്യേയും യേശുവിന്റെ പഠിപ്പിക്കലുകൾ പുരാതന ലോകത്തെമ്പാടും വ്യാപിച്ചു. ഒരു ക്രിസ്ത്യാനി എന്ന നിലയിൽ പീഡിപ്പിക്കപ്പെട്ട പൗലൊസ് ഇപ്രകാരം എഴുതി: "ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; വിശ്വാസവും വ്യർത്ഥം" (1 കൊരിന്ത്യർ 15:12-17). പുനരുത്ഥാനം പ്രാപിച്ചിട്ടില്ലാത്ത ക്രിസ്തുവിനെക്കുറിച്ചു പ്രസംഗിക്കുന്നതു വ്യർഥം ആയിരിക്കുമെങ്കിൽ ഒരിക്കലും ഭൂമുഖത്തു ജീവിച്ചിട്ടില്ലാത്ത ഒരു ക്രിസ്തുവിനെക്കുറിച്ചു പ്രസംഗിക്കുന്നത് അതിലും മൗഢ്യം ആയിരിക്കും. മുമ്പു പരാമർശിച്ച പ്ലിനി ദി യംഗറുടെ റിപ്പോർട്ട് അനുസരിച്ച് ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തിന്റെ പേരിൽ മരിക്കാൻപോലും തയ്യാറായിരുന്നു. യേശു യഥാർത്ഥ വ്യക്തി ആയിരുന്നു എന്നാണ് അതു കാണിക്കുന്നത്. സുവിശേഷ വിവരണങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ യേശു ഭൂമിയിൽ ജീവിച്ചിരുന്നു.

(തുടരും)



# ബാലവേദി



## കണ്ണില്ലാത്ത പ്രണയം

ആരാന്റെ മക്കളുടെ പ്രണയവും ഒളിച്ചോട്ടവുമൊക്കെ വിവാദങ്ങളായി ആഘോഷിക്കുകയാണു മലയാളിസമൂഹം. നിത്യേനയെന്നോണം പെൺകുട്ടികൾ ഒളിച്ചോടുന്ന വാർത്തകൾ, ഹേബിയസ് കോർപസ് ഹർജികൾ, കോടതിമുറ്റങ്ങളിലെ നാടകീയരംഗങ്ങൾ. ഇവയിൽ ബഹുഭൂരിപക്ഷവും വിവാഹമോചനത്തിലോ പെൺകുട്ടിയുടെ ആത്മഹത്യയിലോ കലാശിക്കുന്നു. പെണ്ണിന്റെ വീട്ടിലെ സ്വത്തുകണ്ട് വളയ്ക്കാൻ ജോലിയും കൂലിയുമില്ലാത്ത 'ഫ്രീക്കൻ' കാമുകന്മാർ, സോഷ്യൽ മീഡിയ ഇവർക്കൊരു മറയും ടൂളുമാകുന്നു. ഇത്തരം ഒളിച്ചോട്ട വിവാഹങ്ങളിൽ 'വ്യക്തിസ്വാതന്ത്ര്യം' ആഘോഷിക്കുന്നവർ, അതു സ്വന്തം വീട്ടിലാണു സംഭവിച്ചതെങ്കിൽ എന്നു ചിന്തിക്കുന്നില്ല.

പ്രണയകാലം ഏറെ പ്രത്യേകതകളുള്ളതാണ്. പ്രണയികൾ എപ്പോഴും ഇണയുടെ നല്ല മുഖം മാത്രമേ കാണാറുള്ളൂ. അഥവാ അതേ കാണാൻ ആഗ്രഹിക്കുന്നുള്ളു. സ്വന്തം സ്വത്വം മറച്ചുവച്ച് പ്രേമിക്കുന്നതിൽ സോഷ്യൽ മീഡിയ വലിയൊരു പങ്കുവഹിക്കുന്നുണ്ട്. വിവാഹകാര്യം വീട്ടിൽ അവതരിപ്പിക്കുമ്പോഴും കാമുകന്റെ/കാമുകിയുടെ ഗുണഗണങ്ങളാകും എണ്ണിപ്പറയുക. അവനെ/അവളെ കിട്ടിയില്ലെങ്കിൽ ചത്തുകളയും, മറ്റൊരാൾ തന്റെ ശവത്തിലേ താലികെട്ടൂ എന്നൊക്കെയുള്ള ഭീഷണികൾക്കു മുന്നിലാണു പല പ്രണയവിവാഹങ്ങൾക്കും വീട്ടുകാർ സമ്മതം മൂളാറുള്ളത്. പലപ്പോഴും വിവാഹവും മധുവിധുവും കഴിഞ്ഞ ശേഷമാകും പങ്കാളിയുടെ തനിനിറം പുറത്തുവരിക. മറ്റാർക്കും പങ്കില്ലാത്ത അത്തരം തെരഞ്ഞെടുപ്പുകൾ തെറ്റുമ്പോൾ, ആത്മഹത്യയിലും വിവാഹമോചനത്തിലും കലാശിക്കുന്ന സംഭവങ്ങൾ എണ്ണിയാലൊടുങ്ങില്ല.

ചെങ്കൽച്ചൂളയിലെ ഗുണ്ടയുടെ പ്രണയച്ചതിയിൽപ്പെട്ട് റെയിൽപാളത്തിൽ ചിതറിയ കുബേരപുത്രി, കാമുകൻ കശക്കിയെറിഞ്ഞ് തെരുവുവേശ്യയാക്കിയ എടപ്പാളിലെ യുവതി, പ്രണയിച്ചവന്റെ തനിനിറമറിഞ്ഞ് ഒരു മുഴം കയറിൽ ജീവനൊടുക്കിയ ചക്കാമ്പുഴയിലെ പ്രണയിനി... സാമ്പത്തികശേഷിയുള്ള, ഏതു നല്ല കുടുംബത്തിലെയും പെൺകുട്ടികളെ, എങ്ങനെയും വളച്ച് വിവാഹം കഴിക്കുന്ന രീതി കേരളത്തിൽ അടുത്തിടെ വ്യാപകമാവുകയാണ്. മകളെ കണ്ണുകാണിച്ച് ഒരുത്തൻ വളച്ചാൽ, പിന്നെയവളെ നോക്കേണ്ടതില്ല എന്നതാണ് ഓരോ സംഭവവും രക്ഷിതാക്കൾക്കു നൽകുന്ന പാഠം. പ്രായപൂർത്തി നിയമത്തിന്റെ പേരിൽ നീതിന്യായവ്യവസ്ഥയും നിസ്സഹായരാകുമ്പോൾ രക്ഷിതാക്കൾക്കു മുന്നിൽ എല്ലാ വാതിലുകളുമടയുന്നു. ഇതോടെ അങ്ങനെയൊരു മകളില്ലെന്നു വയ്ക്കുകയായിരുന്നു പല മാതാപിതാക്കളും.

അധികനാളായില്ല, തലസ്ഥാന നഗരത്തോടു ചേർന്ന്, ഐ.ടി. പട്ടണമായ കഴക്കൂട്ടത്തിനു സമീപം മുരിക്കുംപുഴയിലെ റെയിൽപാളത്തിൽ ഒരു യുവതിയുടെ മൃതദേഹം കണ്ടെത്തി. ട്രെയിൻ കയറി ഛിന്നഭിന്നമായതിനാൽ ആളെ തിരിച്ചറിയാൻ പോലീസ് ഏറെ പാടുപെട്ടു. ഒടുവിൽ ഒരു ഞെട്ടലോടെ സമൂഹം തിരിച്ചറിഞ്ഞു, ഒരു പ്രണയവഞ്ചനയുടെ ബാക്കിപത്രമാണിവിടെ ചിതറിക്കിടക്കുന്നത്.

തിരുവനന്തപുരത്തെ വമ്പൻ ബിസിനസ് സാമ്രാട്ടിന്റെ മകളായിരുന്നു ആ ഹതഭാഗ്യ; വായിൽ വെള്ളിക്കരണ്ടിയുമായി ജനിച്ചവൾ

"പറന്നു പോയകിളിയെ-
പ്പക്ഷേ, വീണ്ടും പിടിച്ചിടാം;

കാലമോ പോവുകിൽപ്പോയി..." എന്ന ജി. ശങ്കരക്കുറുപ്പിന്റെ വരികളിൽ, കാലത്തിനു പകരം "മകളോ" എന്നുചേർത്താൽ സമകാലിക കേരളത്തിന്റെ അവസ്ഥയായി.

## എങ്കിലും ചങ്ങാതീ



വില്യം ഷേക്സ്പിയറിന്റെ വിഖ്യാത ദുരന്തനാടകങ്ങളിൽ ഒന്നായ ജൂലിയസ് സീസറിലെ ഒരു വാചകമാണ് യു ടു ബ്രൂട്ടസ്. റോമൻ ചരിത്രത്തെ ആസ്പദമാക്കി എഴുതിയ നാടകത്തിൽ റോമൻ ഏകാധിപതിയായിരുന്ന ജൂലിയസ് സീസറിന്റെ കൊലപാതകവും അതിനെത്തുടർന്ന് ഉണ്ടായ സംഭവങ്ങളുമാണ് വിവരിച്ചിട്ടുള്ളത്. റോമാ സാമ്രാജ്യത്തിന്റെ ഭരണാധികാരിയായി ജൂലിയസ് സീസർ തിരഞ്ഞെടുക്കപ്പെടുന്നു. പക്ഷേ, ജനങ്ങൾ സീസറിനു നൽകിയ പിന്തുണ കണ്ട് സീസറിന്റെ ശത്രുക്കൾ പ്രകോപിതരായി. അതേത്തുടർന്ന് അവർ സീസറിന്റെ എതിരാളിയായ കാഷ്യസിന്റെ നേതൃത്വത്തിൽ ഒത്തുചേരുകയും സീസറിനെ വകവരുത്താൻ പദ്ധതിയിടുകയും ചെയ്യുന്നു.

കരുത്തനായ സീസറിനെ വധിക്കുക എത്ര എളുപ്പമല്ലെന്നു തിരിച്ചറിഞ്ഞ് അവർ തന്ത്രങ്ങൾ മെനഞ്ഞു. അതിന്റെ ഭാഗമായി ഇല്ലാക്കഥകൾ പറഞ്ഞ് സീസറിന്റെ ഉറ്റസുഹൃത്തായ ബ്രൂട്ടസിനെ അവർ തങ്ങളുടെ പക്ഷത്താക്കി മാറ്റി.

ഒടുവിൽ ആ കുതന്ത്രങ്ങൾ വിജയം കണ്ടു. റോമൻ സെനറ്റിൽ വച്ച് സീസർ ശത്രുക്കളുടെ കത്തിക്ക് ഇരയായി. എതിരാളികളുടെ കുത്തേറ്റ് വീണ സീസർ തന്റെ കൊലയാളികളുടെ കൂട്ടത്തിൽ ചങ്ങാതിയായ ബ്രൂട്ടസിനെ കാണുന്നതാണ് രംഗം. ഉറ്റചങ്ങാതിയെന്നു വിശ്വസിച്ചിരുന്ന ആൾ തന്നെ ചതിച്ചെന്നു വിശ്വസിക്കാനാവാതെ സീസർ പറഞ്ഞു: "ബ്രൂട്ടസേ നീയും?". ലോകസാഹിത്യത്തിലെ തന്നെ ഏറെ പ്രചാരം നേടിയ വാചകമാണിത്.

### സൈഡ് കിക്ക് അഥവാ ചങ്ക് ബ്രോ!

Sidekick എന്ന വാക്ക് കേട്ടിട്ടുണ്ടോ? സന്തതസഹചാരി, ശിങ്കിടി, ഉറ്റ തോഴൻ, a close companion, partner എന്നൊക്കെയാണ് ഈ വാക്കിന്റെ അർത്ഥം.



## തളിരിനു രാസവളം



സൗന്ദര്യത്തിന്റെ കേദാരമാണ് ഓരോ ശിശുവും. അതിന്റെ നിഷ്കളങ്കതയ്ക്കും സുഭഗതയ്ക്കും പകരംവയ്ക്കാൻ എന്തുണ്ട്? ലോകമെമ്പാടുമുള്ള എല്ലാ ശിശുക്കളും ഒരേപോലെ ലാവണ്യമുള്ള തളിരുകളാണ്. സ്വാഭാവികമായി വളർന്നുവികസിക്കാൻ അവരെ അനുവദിക്കണം. ശുദ്ധവായു ശ്വസിച്ച്, ലാളിത്യം നുകർന്ന് പൂമ്പാറ്റകളെപ്പോലെ പാറിപ്പറന്ന് അവർ വളർന്നു വലുതാകട്ടെ.

മക്കളെ പ്രദർശനവസ്തുക്കളാക്കി തങ്ങളുടെ സുസ്ഥിതി ലോകത്തിനു കാട്ടിക്കൊടുക്കാനുള്ള വ്യഗ്രതയിൽ ഏറ്റവും വിലകൂടിയ ഉടുപ്പ്, സഞ്ചി, പാദരക്ഷകൾ എല്ലാം വാങ്ങിക്കൂട്ടുന്നു. എന്നിട്ടോ? വിദ്യാഭ്യാസച്ചെലവ് അധികമെന്നു പരിതപിച്ച് അച്ഛനമ്മമാർ രാപകൽ പണിയെടുക്കുന്നു, കടംവാങ്ങുന്നു!

കൊച്ചുകുഞ്ഞുങ്ങൾക്ക് ലിപ്സ്റ്റിക്ക്, ഫെയ്സ്ക്രീം, ഐലൈനർ തുടങ്ങിയ സൗന്ദര്യവർധക വസ്തുക്കൾ വാങ്ങിക്കൊടുക്കാൻപോലുമുള്ള വിഡ്ഢിത്തം മുതിർന്നവർ കാട്ടുന്നു. ഇളംമേനിക്കു ഹാനിവരുത്തുക മാത്രമല്ല കുട്ടികളുടെ താഴ്മയും വിനയവും അവതാളത്തിലാക്കുകയും ചെയ്യും. സ്ക്രീനിലെ താരങ്ങളെ മാതൃകയാക്കുന്ന കുഞ്ഞുങ്ങളിൽ അഹംഭാവത്തിന്റെ വിത്താണ് വിതയ്ക്കുന്നത്. ഓർക്കുക, ഇളംതളിരിന് രാസവളമിട്ടുകൊടുക്കുന്നത് ബുദ്ധിയോ?

## കണക്കിലെ കുരുക്കുകൾ




ഇനി ഒരു സ്മാർട്ട് ഫോൺ മാത്രം മതിയാകും കണക്കിലെ കുരുക്കുകൾ അഴിക്കാൻ. നിങ്ങളുടെ ഹോംവർക്കുകളിൽ സഹായി ആകാൻ എത്തുകയാണ് സോക്രട്ടിക് എന്ന സ്റ്റാർട്ടപ്പ് ആപ്. ചോദ്യത്തിന്റെ ഒരു ചിത്രം പകർത്തി നൽകിയാൽ ഉടൻ കിട്ടും ഉത്തരങ്ങൾ. യു.എസ്.സ്റ്റാർട്ടപ്പായ സോക്രട്ടിക്കിനു വേണ്ടി ഈ ആപ് വികസിപ്പിച്ചെടുത്തത് ഇന്ത്യക്കാരായ എഞ്ചിനിയർമാരാണ്.

കുട്ടികൾക്ക് കണക്കെന്ന വിഷയം ഒരു പേടിസ്വപ്നം പോലെ നിലനില്ക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. ചോദ്യങ്ങളുടെ ഉത്തരങ്ങൾക്കൊപ്പം അവയ്ക്കു പിന്നിലെ ആശയം കൂടി കുട്ടികളിലേക്ക് കൈമാറുകയാണ് ഞങ്ങൾ ഈ ആപ്പിലൂടെ ലക്ഷ്യം വയ്ക്കുന്നത്. എന്ന് സോക്രട്ടിക് എഞ്ചിനിയറിംഗ് ഹെഡ് ശ്രേയൻസ് ബൻസാലി പറഞ്ഞു.

കൈകൊണ്ടാണ് ചോദ്യം എഴുതിയിരിക്കുന്നതെങ്കിൽ പോലും ആപ് അതു കൃത്യമായി വായിച്ച് ഉത്തരം നൽകും. കണക്കുകൾ കൃത്യമായി മനസിലാക്കാൻ ആവശ്യമായ ഗ്രാഫുകളും വിശദീകരണങ്ങളും ആപ്പിൽ സജ്ജീകരിച്ചിട്ടുണ്ട്.

# ദൈവത്തെ ദർശിക്കാനാകാത്ത മുടന്ത്



## ജീവസന്ദേശം

ടി. എം. വർഗ്ഗീസ് ഓതറ

ഒരു യാചകൻ വന്നു കൈനീട്ടിയാൽ നാം നമ്മുടെ സമ്പാദ്യത്തിൽ നിന്നും എന്തെങ്കിലുമെടുത്ത് അയാൾക്ക് കൊടുക്കും! യാചകന്റെ അവശതയെന്തെന്നറിഞ്ഞ് അതിനുള്ള പരിഹാരമല്ലല്ലോ നാം കൊടുക്കുന്ന നാണയത്തുട്ടുകൾ! നീളുന്ന കൈകളിലേക്ക് എന്തെങ്കിലുമെറിഞ്ഞ് നാം കടന്നുപോകും. ഭിക്ഷക്കാരൻ ഭിക്ഷാടനം തുടർന്നുകൊണ്ടേയിരിക്കും. എന്നാൽ ഇതാ ഒരു വിഭിന്നതയുടെ മുഖവുമായി ഒരു ഭിക്ഷക്കാരനും, ഭിക്ഷ കൊടുക്കുന്നവനും! ജന്മനാ മുടന്തനായ അയാളെ ചിലർ സ്ഥിരമായി ദേവാലയകവാടം വരെയെത്തിക്കും... ഭിക്ഷ യാചിക്കാനായിട്ടുമാത്രം. ഈ മുടന്തനും അയാളെ ചുമക്കുന്നവർക്കും ഇത് ഒരു പതിവുമാത്രം. ഒപ്പം ഭിക്ഷ കൊടുക്കുന്നർക്കും പതിവുതന്നെ. അപ്പോഴാണ് ഒൻപതാം മണിക്കൂറിലെ പ്രാർത്ഥനയ്ക്കായി പത്രോസും യോഹന്നാനും ദേവാലയത്തിലേക്കു പ്രവേശിക്കുന്നത്.. അവരോടും പതിവുവിടാതെ മുടന്തൻ ഭിക്ഷ യാചിച്ചു. പത്രോസ് യോഹന്നാനോടൊപ്പം അവനെ സൂക്ഷിച്ചുനോക്കിക്കൊണ്ടു പറഞ്ഞു: “ഞങ്ങളുടെ നേരെ നോക്കുക.” അവരുടെ പക്കൽ നിന്നും എന്തെങ്കിലും കിട്ടുമെന്ന് പ്രതീക്ഷിച്ച് അവൻ അവരെ നോക്കി. പത്രോസ് പറഞ്ഞു: വെള്ളിയോ സ്വർണ്ണമോ എന്റെ കയ്യിലില്ല. എനിക്കുള്ളതു ഞാൻ നിനക്കു തരുന്നു. നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റ് നടക്കുക. പത്രോസ് വലതുകൈയ്ക്ക് പിടിച്ച് അവനെ എഴുന്നേൽപിച്ചു. ഉടൻതന്നെ അവന്റെ പാദങ്ങളും കണങ്കാലുകളും ബലം പ്രാപിച്ചു. അവൻ ചാടിയെഴുന്നേറ്റു നടന്നു. നടന്നും കുതിച്ചുചാടിയും ദൈവത്തെ സ്തുതിച്ചുകൊണ്ട് അവൻ അവരോടൊപ്പം ദേവാലയത്തിൽ പ്രവേശിച്ചു” (അ.പ്ര.3:1–8).

ദൈവത്തെ ദർശിക്കാനാകാത്ത ‘മുടന്തു’മായി എത്രയോപേർ നമുക്കു ചുറ്റിലുമുണ്ട്! നമ്മുടെ സമ്പാദ്യം ‘വെള്ളിയും സ്വർണ്ണവും’ മാത്രമാണ്. പിന്നെങ്ങനെ മുടന്തന്റെ മുടന്തുമാറ്റുവാൻ സാധിക്കും.

ഭൗതിക സമ്പാദ്യങ്ങൾക്കപ്പുറം നസറായനായ യേശുവിനെ ഹൃദയത്തിൽ സംവഹിക്കുന്നവർക്ക് ദൈവാത്മാവിനെ ‘മുടന്തരി’ ലേക്ക് ഒഴുക്കിയിറക്കാനും വലംകൈയ്ക്ക് പിടിച്ച് യേശുവിങ്കലേക്ക് നടത്താനും കഴിയും!

ഗുരുവിന്റെ ആത്മാവിനെ തൊട്ടറിഞ്ഞ പത്രോസിന് മുടന്തന് യഥാർത്ഥ ഭിക്ഷ കൊടുക്കാനായി. ദൈവത്തിനുനേരെ പുറംതിരിഞ്ഞിരിക്കാൻ നമുക്കിടയാകുന്നതെന്തോ അതാണ് നമ്മെയെല്ലാം ദേവാലയത്തിനു പുറത്തിരുത്തി വെള്ളിയും സ്വർണ്ണവും എണ്ണിക്കൂട്ടാൻ പ്രേരിപ്പിക്കുന്നത്. യാചകൻ പ്രതീക്ഷിക്കുന്നത് കൊടുക്കാനില്ലാത്ത പത്രോസ്, താൻ സമ്പാദിച്ചത് മുഴുവനായും മുടന്തന് മേൽ വർഷിക്കുകയാണ്. ദൈവികനിറവ് സമ്പാദ്യമാക്കിയവർക്കാണ് ദൈവാത്മാവിനെ വർഷിക്കാനാകുന്നത്.

എന്താണ് നമ്മുടെയൊക്കെ സമ്പാദ്യം? നീളുന്ന കൈകൾക്ക് സ്വർണ്ണം നിറയ്ക്കാൻ വഴിപറഞ്ഞു കൊടുക്കുന്നതാണോ നമ്മുടെ ‘കരുണ.’ പത്തായപ്പുരകളിൽ കുമിഞ്ഞുകൂടിയ സമൃദ്ധികൊണ്ട് യാചകന്റെ കൈകളെ നിറയ്ക്കാമെങ്കിലും ഹൃദയത്തെ തൊടാനാകില്ല. മുടന്ത് മാറ്റാനാകില്ല.ഹൃദയാന്തരത്തിൽ ദൈവത്തെ നേടിയവർക്കെ ‘എനിക്കുള്ളതു ഞാൻ നിനക്കു തരുന്നു’ എന്നു പറയാനാകൂ. മുടന്തൻ ഭിക്ഷാടനം നിർത്തി ദൈവസ്തുതിപ്പിലേക്ക് നടന്നുകയറുന്നതു കണ്ട ജനങ്ങൾ അത്ഭുതസ്തംബ്ധരായി.



നമുക്കു ചുറ്റും നീളുന്ന കരങ്ങൾക്ക് നാം നമ്മുടെ കരങ്ങൾകൊണ്ടുതന്നെയാണ് മറുപടി നൽകുക. എന്നാൽ മുടന്തനായ യാചകന്റെ മനസിലേക്ക് പത്രോസിന്റെ ദൈവികത നിറഞ്ഞ മനസ് കടന്നുചെല്ലുകയാണ്. സുന്ദരകവാടം എന്നറിയപ്പെട്ടിരുന്ന ദേവാലയകവാടത്തിലൂടെ ആയിരങ്ങൾ എന്നും കടന്നുപോയിരുന്നു... എല്ലാവരും മുടന്തന്റെ യാചനയ്ക്ക് മറുപടിയും നൽകി. എന്നാൽ പത്രോസ് യാചകന്റെ ‘മുടന്തിന്’ മറുപടി നൽകി. ഒപ്പം കൈയ്ക്കുപിടിച്ച് തന്നോടൊപ്പം ദൈവസന്നിധിയിലേക്ക് നടത്തുകയാണ്. യേശു നമ്മുടെ ഹൃദയത്തിലുണ്ടെങ്കിൽ വിശുദ്ധ പത്രോസിനെപ്പോലെ നമുക്കും ചെയ്യുവാൻ സാധിക്കും. ആരെയും അത്ഭുതപ്പെടുത്തുംവിധം ഏതു ‘ജന്മനാ മുടന്തനും’ എഴുന്നേറ്റ് യേശുസന്നിധിയിലേക്ക് നടന്നുനീങ്ങും. നമ്മുടെ സമ്പാദ്യം എവിടെയാണ് എന്ന് ശ്രദ്ധിക്കുക... പണപ്പെട്ടികളിൽ കുമിഞ്ഞുകൂടുന്ന സ്വർണ്ണവും വെള്ളിയുമാണോ; അതോ ഹൃദയത്തിൽ സദാ സന്നിഹിതനായി ഭരണം നടത്തുന്ന നസറായനായ യേശുവോ?

# മനുഷ്യനും ദൈവവും

നിസ്സാരനും നിസ്സഹായനുമായ മനുഷ്യൻ. അവൻ ശക്തി സംഭരിക്കുന്നത് ദൈവത്തിൽ നിന്നാണ്. മനുഷ്യന്റെ അനുദിന ജീവിതത്തിൽ അവനോടൊത്തു സഞ്ചരിക്കുന്ന ദൈവത്തെയാണ് പഴയനിയമം പരിചയപ്പെടുത്തുന്നത്. പകൽ മേഘസ്തംഭമായും രാത്രി ദീപസ്തംഭമായും കൂടെ നടന്ന ദൈവത്തെ നാം കാണുന്നു. കടൽ കടന്നപ്പോഴും കാനാൻദേശത്ത് എത്തിയപ്പോഴും ആ ദൈവം കൂടെയുണ്ടായിരുന്നു. മനുഷ്യനോടൊത്തു നടക്കുന്ന ദൈവത്തെയാണ് നാം തിരുവചനത്തിൽ കാണുന്നത്.

ദൈവത്തിൽ നിന്നും ഒളിച്ചിരിക്കുന്ന മനുഷ്യനെ വിളിച്ചിറക്കി കൊണ്ടുവരുന്നതായി ഉൽപത്തി പുസ്തകത്തിൽ പറയുന്നു. ഒരുവൻ എവിടെയായിരുന്നലും അവനെ വിളിച്ചിറക്കി അവന്റെ കർമ്മമേഖലകളെ കാണിച്ചുകൊടുക്കുന്നവനാണ് ദൈവം. ഞാൻ എവിടെയായിരുന്നാലും അവൻ എന്നെ കണ്ടെത്തും. എന്നെ ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്തങ്ങളെക്കുറിച്ചു ബോധവാനാക്കുന്ന ദൈവമാണ് അവൻ. “കയീൻ നിന്റെ സഹോദരനായ ഹാബേൽ എവിടെ?” എന്ന ചോദ്യത്തിലൂടെ എന്റെ ഉത്തരവാദിത്വത്തെ അവൻ ഓർമ്മിപ്പിക്കുന്നു.

കയീന്റെ മേൽ ഒരടയാളമിട്ട് ദൈവം കാവൽ നിൽക്കുന്നു. മനുഷ്യരുടെ ജീവിതത്തിന്റെ മേൽ അടയാളമിടുന്നവനാണ് ദൈവം. അടയാളം അധികാരത്തെയും അവകാശത്തെയും സൂചിപ്പിക്കുന്നു. നൂറു രൂപയുടെ നോട്ടിൽ റിസർവ്വ് ബാങ്ക് അടയാളമിടുമ്പോൾ രാജ്യത്തിന് ആ കറൻസിയുടെ മേലുള്ള അധികാരത്തെയും ആ നോട്ട് എനിക്കുപയോഗിക്കാനുള്ള അവകാശത്തെയും കാണിക്കുന്നു. ദൈവം എന്റെ മേൽ അടയാളമിടുന്നു. ഏതു പ്രതിസന്ധിയിലും പതറാതെ നിൽക്കുവാൻ ഈ അടയാളങ്ങൾ നമ്മെ സഹായിക്കും. പ്രവാചകന്മാരുടെ മേലും രാജാക്കന്മാരുടെമേലും അടയാളമിട്ട ദൈവം നാം ഓരോരുത്തരുടെ മേലും അദൃശ്യമായ അടയാളങ്ങളിട്ടിരിക്കുന്നു.



ലോകത്തിൽ തിന്മകൾ നിറഞ്ഞപ്പോൾ ദൈവം നോഹയിലെ നന്മയെ കണ്ടെത്തി. നമുക്കെന്തെല്ലാം തെറ്റുകൾ സംഭവിച്ചാലും നമ്മിലുള്ള ചെറിയ നന്മ കണ്ടെത്തുന്ന ദൈവത്തെയാണ് ബൈബിളിൽ കാണുന്നത്. നമ്മുടെയൊക്കെ അനുദിന ജീവിതത്തിൽ മറ്റുള്ളവരുടെ തെറ്റുകൾ കണ്ടിപിടിക്കാൻ ശ്രമിക്കുമ്പോൾ അവിടുന്ന് എന്റെ നന്മയെ കണ്ടുപിടിക്കുന്നു. നന്മ കാണുവാനും നന്മ കേൾക്കുവാനും നന്മ സംസാരിക്കുവാനും ദൈവം നമ്മെ അഭ്യസിപ്പിക്കുന്നു. ബലഹീനനായ പത്രോസിലെ പാറയേയും, ഇടിമുഴക്കത്തിന്റെ പുത്രന്മാരിലെ ശാന്തതയെയും, പാപിനിയായ സ്ത്രീയിൽ മറഞ്ഞിരിക്കുന്ന പുണ്യവതിയേയും ദൈവം കണ്ടെത്തുന്നു. ഉണക്കവിത്തിൽ മറഞ്ഞിരിക്കുന്നു മരത്തെയും, കുഴഞ്ഞമണ്ണിൽ മറഞ്ഞിരിക്കുന്ന കലത്തെയും കണ്ടെത്തുന്ന ദൈവം എന്നിൽ മറഞ്ഞിരിക്കുന്ന സാധ്യതകളെയും കണ്ടെത്തുന്നു.

നോഹയുടെ കാലത്തുണ്ടായ പ്രളയത്തിന്റെ ഒടുവിൽ ഒരു മഴവില്ലു വിരിയിച്ചുകൊണ്ട് ദൈവം തന്റെ കരുണയെ പ്രകടിപ്പിച്ചു. ജീവിതത്തിൽ നിരാശ പടരുമ്പോൾ പ്രത്യാശ നൽകി അവൻ കടന്നുവരും. “എല്ലാം കഴിഞ്ഞു” എന്നു കരുതുന്നിടത്ത് അവൻ തുടങ്ങും. നിരാശ ബാധിച്ചു തളർന്നിരുന്നവരെയെല്ലാം ധൈര്യപ്പെടുത്തുന്ന ദൈവത്തെയാണ് നാം തുടർച്ചയായി പരിചയപ്പെടുന്നത്. ഒളിച്ചോടിയവനെ തിരിച്ചുനടത്തിയും മറഞ്ഞിരുന്നവനെ വിളിച്ചിറക്കിയും ധൈര്യപ്പെടുത്തിയ ദൈവം. ഭയപ്പെടേണ്ടാ ലോകാവസാനം വരെ കൂടെയുണ്ടെന്ന് ഓർപ്പിപ്പിച്ച ദൈവം. ഭയപ്പെടുമ്പോൾ “ധൈര്യമായിരിക്കുക” എന്നും അസ്വസ്ഥമാകുമ്പോൾ “ശാന്തമാകുക” എന്നും അവൻ പറയും. ആ ദൈവത്തിന്റെ കരങ്ങളിൽ സമ്പൂർണസമർപ്പണം നടത്തി നമുക്ക് അനുദിനജീവിതത്തെ മുമ്പോട്ടാനയിക്കാം.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# നന്മയും അനുഗ്രഹവും നമ്മുടെ വിജയാഘോഷങ്ങളും



"എല്ലാ പ്രശ്നങ്ങൾക്കും പരിഹാര"മെന്നു വിളിച്ചുപറയുന്ന ബാനറുകളും "എല്ലാ രോഗങ്ങൾക്കും സൗഖ്യ"മെന്ന് ഉറപ്പു നല്കുന്ന നോട്ടീസുകളും നാട്ടിൽ നടക്കുന്ന മിക്ക കൺവൻഷനുകളോടും അനുബന്ധിച്ചു നാം കാണാറുള്ളതാണ്. "ദൈവം = അനുഗ്രഹം" എന്നൊരു സമവാക്യം അങ്ങനെ ആരുമറിയാതെ ഇവിടെ രൂപപ്പെട്ടു വന്നിട്ടുണ്ട്. അതിനെ പിന്തുണയ്ക്കുന്ന ദൈവവചനവും ഇവിടെ ധാരാളമായി ഉപയോഗിക്കപ്പെടുന്നുണ്ട്: "ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുന്നു സകലവും നന്മയ്ക്കായി കൂടിവ്യാപരിക്കുന്നു..." (റോമ.8:28). ഈ വാക്യത്തിന്റെ ഉപരിപ്ലവമായ വായനകൊണ്ട് രൂക്ഷമാകുന്ന പ്രശ്നങ്ങളാണ് ഈ ലേഖനത്തിന്റെ അടിസ്ഥാനം.

വാദത്തിനുവേണ്ടി ഒരു ദൈവവിശ്വാസിയുടെ ജീവിതത്തിലെ മൂന്ന് സാധ്യതകൾ പരിഗണിക്കാം.

എ) ദൈവത്തെ സ്നേഹിക്കുന്നു; അതുകൊണ്ട് നന്മയുണ്ടാകുന്നു.

ബി) ദൈവത്തെ സ്നേഹിക്കുന്നില്ല; അതുകൊണ്ട് നന്മയുണ്ടാകുന്നില്ല.

സി) ദൈവത്തെ സ്നേഹിക്കുന്നു; എന്നിട്ടും നന്മയുണ്ടാകുന്നില്ല.

(എ)യും (ബി)യും വിശദീകരിക്കാൻ വാക്യത്തിന്റെ ഉപരിപ്ലവമായ വായനയ്ക്കാകും. എന്നാൽ (സി)യെ വിശദീകരിക്കാൻ അത്തരമൊരു വായനയ്ക്കാകുമോ?

ഇയ്യോബിനു സംഭവിച്ച അനർത്ഥങ്ങളെക്കുറിച്ച് അറിഞ്ഞ മൂന്നു സ്നേഹിതന്മാർ - എലിഫാസ്, ബിൽദാദ്, സോഫാർ - "അവനോടു സഹതാപം കാണിക്കാനും അവനെ ആശ്വസിപ്പിക്കാനും" ഇയ്യോബിന്റെയടുത്ത് എത്തുന്നുണ്ട് (ഇയ്യോ. 2:11). ഇതേ സ്നേഹിതരാണ് പക്ഷേ, ഇയ്യോബിന്റെ മുറിവുകളിൽ മുളകു പുരട്ടി രസിക്കുന്നത്! നമുക്ക് അത് വിരോധാഭാസമായി തോന്നാമെങ്കിലും അവർക്ക് അവ്വിധം തോന്നുന്നതേയില്ല. അതിനു കാരണം അവരുടെ മനസ്സിൽ വേരാഴ്ത്തിയ അവരുടെ ദൈവശാസ്ത്ര ചിന്തയാണ്.



"അമ്മയുടെ ഉദരത്തിൽനിന്ന് പുറത്തുവന്നയുടനെ എന്തുകൊണ്ട് എന്റെ ജീവിതം അവസാനിച്ചില്ല?" (3:11) എന്നാണ് ഇയ്യോബിന്റെ വിലാപം. അതുകേട്ട് നിശബ്ദം കണ്ണീരൊഴുക്കേണ്ടതിനു പകരം 'സ്നേഹിതന്മാർ' ജോബിനോടു 'പ്രഭാഷണം' നടത്തുകയാണ്. ആ പ്രഭാഷണങ്ങൾ അവരുടെ ദൈവശാസ്ത്രം വെളിവാക്കുന്നുണ്ട്. എലിഫാസ് പറയുന്നു: "ചിന്തിച്ചു നോക്കൂ, നിഷ്കളങ്കൻ എന്നെങ്കിലും നാശമടഞ്ഞിട്ടുണ്ടോ?... അനീതി ഉഴുത് തിന്മ വിതയ്ക്കുന്നവൻ അതുതന്നെ കൊയ്യുന്നതാണ് ഞാൻ കണ്ടിട്ടുള്ളത്" (4:7-8). ജോബ് എന്തോ തെറ്റു ചെയ്തിട്ടുണ്ടെന്നാണ് എലിഫാസ് സൂചിപ്പിക്കുന്നത്. അതിനു ജോബിന്റെ മറുപടി: "ഉപദേശിച്ചുകൊള്ളുക, ഞാൻ നിശബ്ദം കേൾക്കാം. ഞാൻ എന്തു തെറ്റു ചെയ്തുവെന്നു (ഒന്നു) മനസ്സിലാക്കിത്തരുക... നിങ്ങളുടെ ശാസനയ്ക്ക് അടിസ്ഥാനമെന്ത്?" (6:24-25). ആ മറുപടിയ്ക്ക് ഒടുക്കം ജോബ് ദൈവത്തോടു കേഴുകയാണ്: "ഞാൻ പാപം ചെയ്താൽതന്നെ അങ്ങേയ്ക്ക് അത് ക്ഷമിച്ചുകൂടേ?" (7:20-21).

തന്റെ തെറ്റു ചൂണ്ടിക്കാട്ടാൻ ഇയ്യോബ് ഉപദേശകരെ വെല്ലുവിളിക്കുന്നുണ്ട്. അവയേതെന്നു പറയാൻ ആദ്യമൊക്കെ അവർക്കാകുന്നില്ല. ആ വെല്ലുവിളിക്കുള്ള മറുപടി നമ്മുടെ ചില ഉപദേശകർ കണ്ടെത്തിയിട്ടുണ്ട്. ദൈവത്തെ സ്നേഹിച്ചിട്ടും ഒരാൾക്കു തിന്മയുണ്ടാകാൻ കാരണം അയാളുടെ വിശ്വാസക്കുറവാണ്! ആർക്കും അളന്നു തൂക്കി നോക്കാവുന്ന ഒന്നല്ലല്ലോ വിശ്വാസം. ആർക്കും അറിഞ്ഞുകൂടാത്തതിനെക്കുറിച്ച് തീർപ്പുകൽപ്പിക്കുകയാണ് ഇന്നാട്ടിലെ ഉപദേശകർ.

ഈ ലേഖകന്റെയടുത്ത് ഒരു ദരിദ്ര വൃദ്ധ പങ്കുവച്ച സങ്കടം പറയട്ടെ: അവരും അവരുടെ മകനും മാത്രമാണു വീട്ടിൽ. എന്നാൽ ഒരു നാൾ അമ്മയെ ഉപേക്ഷിച്ച് ആ മകൻ നാടുവിട്ടു. അങ്ങനെയിരിക്കെ, അന്നാട്ടിൽ വന്ന ഒരു അത്ഭുത ദാസനോട് ആ വൃദ്ധ തന്റെ സങ്കടം അറിയിച്ചു. "ദൈവത്തോടു നന്നായി പ്രാർത്ഥിക്കൂ; മകൻ തിരിച്ചുവരും," വിലയേറിയ ദാസൻ ഉറപ്പു നൽകി. മാസങ്ങൾ നീണ്ട പ്രാർത്ഥനകൾക്കു ശേഷവും മകൻ മടങ്ങിയെത്തിയില്ല. വീണ്ടും ഇതേ പ്രാർത്ഥനാവീരനെ എങ്ങനെയോ കാണാനിടയായി. അമ്മ അദ്ദേഹത്തിന്റെ മുമ്പിൽ കണ്ണീരൊഴുക്കി. പറഞ്ഞതുപോലെ പ്രാർത്ഥിച്ചിട്ടും മകൻ വന്നില്ലല്ലോ." അപ്പോൾ ആ അല്പദാസന്റെ മറുപടി ഇങ്ങനെയായിരുന്നത്രേ: "മകൻ വന്നില്ലേ? അമ്മ നല്ല വിശ്വാസത്തോടെയായിരിക്കില്ല പ്രാർത്ഥിച്ചത്. കൂടുതൽ വിശ്വാസത്തോടെ പ്രാർത്ഥിക്കൂ; മകൻ വരും." ഈ തട്ടിപ്പുകാരനെ കാണുന്നതുവരെ ആ വൃദ്ധയ്ക്ക് ഒരു പ്രശ്നമേ ഉണ്ടായിരുന്നുള്ളൂ; മകനില്ല. ഇപ്പോൾ പ്രശ്നം ഇരട്ടിച്ചിരിക്കുകയാണ്; മകനുമില്ല, വിശ്വാസവും ഇല്ല. അവശരേയും ആർത്തരേയും ആലംബഹീനരെയും, നുകമേറ്റവരെയും, അനാഥരേയും, വിധവമാരേയും ആശ്വസിപ്പിച്ചു നടന്ന ക്രിസ്തുവും ഈ അത്ഭുതദാസന്മാരും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ, ആവോ? ജോബിന്റെ സുഹൃത്തുക്കൾ അവർക്കുപോലും മനസ്സിലാക്കാനാവാത്ത ഏതോ പാപത്തിന്റെ ഭാരം ജോബിൽ കെട്ടിവച്ചതിന്റെ തനിയാവർത്തനങ്ങൾ എവിടെയും നടന്നുകൊണ്ടിരിക്കുന്നു. രോഗം മാറാത്തതിന്റെ മുഴുവൻ ഉത്തരവാദിത്വവും രോഗിയുടെ മുകളിൽ കെട്ടിവയ്ക്കുകയാണ് ഇത്തരം വൈദ്യന്മാർ. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടെന്നു പരസ്യപ്പെടുത്തിയിരിക്കുന്നത് അത്ഭുത കേന്ദ്രങ്ങളാണ്. അപ്പോൾ ഏതെങ്കിലും പ്രശ്നം പരിഹരിക്കപ്പെട്ടില്ലെങ്കിൽ അതിന്റെ ധാർമിക ഉത്തരവാദിത്വം അത്തരം കേന്ദ്രങ്ങൾക്കു തന്നെയാണ്. ആ ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള ആർജ്ജവത്വം കാണിക്കുമോ ഇവിടുത്തെ അത്ഭുതകേന്ദ്രങ്ങളും അത്ഭുത ദാസന്മാരും.

പൗലോസ് റോമർ 8:28-ൽ പറഞ്ഞതിന്റെ ഉപരിപ്ലവമായ വായനകൊണ്ടാണ് കരുണാമയനായ ദൈവത്തിന്റെ മുഖം വികൃതമാക്കപ്പെടുന്നത് എന്നു സൂചിപ്പിച്ചിരുന്നുവല്ലോ. അദ്ദേഹം വിവക്ഷിക്കുന്ന 'നന്മ' ഏതെന്നുള്ള അന്വേഷണം ഇത്തരുണത്തിൽ പ്രസക്തമാകുന്നു.

റോമ. 8:35-ൽ നാം ഇങ്ങനെ വായിക്കുന്നു: "ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആരു നമ്മെ വേർപെടുത്തും? ക്ലേശമോ, ദുരിതമോ, പീഡനമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ? (ഒന്നിനും)... ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപെടുത്താൻ കഴിയുകയില്ലെന്ന് എനിക്കുറപ്പുണ്ട്." നരകതുല്യമായ അനുഭവമുണ്ടായാലും താൻ ദൈവത്തോട് ഒപ്പമായിരിക്കും എന്നാണല്ലോ പൗലോസ് ആണയിട്ടു പറയുന്നത്. അത് അക്ഷരാർത്ഥത്തിൽ അങ്ങനെ തന്നെയായിരുന്നു താനും. അദ്ദേഹത്തിന് അഞ്ചു തവണ മുപ്പത്തൊൻപത് അടി വീതം കിട്ടിയിട്ടുണ്ട്; മൂന്നു തവണ കപ്പലപകടത്തിൽപ്പെട്ടിട്ടുണ്ട്; ഒരിക്കൽ കല്ലേറിയപ്പെട്ടിട്ടുണ്ട്; പല പ്രാവശ്യം റോഡിലും നദിയിലും വച്ച് കൊള്ളക്കാരും സ്വന്തക്കാരും ഒക്കെ ആക്രമിച്ചിട്ടുണ്ട്. അനേകം അവസരങ്ങളിൽ വിശപ്പും തണുപ്പും ജയിലും അനുഭവിച്ചിട്ടുണ്ട് (2 കൊരി. 11:23-29). കഴുത്തു പോകുന്നതുവരെ കനൽ വഴികളിലൂടെ തന്നെയായിരുന്നു ആ യാത്ര. ഇവിടുത്തെ പല വചനപ്രഘോഷകരും പറയുന്ന കണക്കുള്ള ഏതെങ്കിലും ഭൗതിക നന്മ പൗലോസിന്റെ ജീവിതത്തിൽ സംഭവിച്ചു എന്നതിന് ഒരു തെളിവുപോലുമില്ല. എന്നിട്ടും തന്റെ രക്ഷകനായ ആ ക്രൂശിതനുവേണ്ടി അദ്ദേഹം ഓടിക്കൊണ്ടേയിരുന്നു. അപ്പോൾ പൗലോസ് ഉദ്ദേശിച്ച നന്മ എന്താകാം? നാഥനുവേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്താൽ നാഥനോടൊപ്പമൊരിടം. അതാണു നന്മ. അതു മാത്രമാണ് അദ്ദേഹത്തെ സംബന്ധിച്ച നന്മ. ആ ഇടം കണ്ടെത്താൻ ഏതറ്റം വരെയും പോകാൻ ആ ദൈവമനുഷ്യൻ തയ്യാറുമായിരുന്നു.

പത്രോസിന്റെ കാര്യവും പൗലോസിന്റേതിനു സമാനമാണല്ലോ. ക്രിസ്തു പറഞ്ഞതനുസരിച്ച് വലവീശി വല നിറയെ മീൻ കിട്ടിയവൻ "ക്രിസ്തു=അനുഗ്രഹം" എന്ന സമവാക്യമൊക്കെ മനസ്സിൽ രൂപപ്പെടുത്തിയിട്ടുണ്ടാകണം. എന്നാൽ കാലിത്തൊഴുത്തിൽ ജനിച്ച്, കാലുകഴുകി, കാൽവരി കയറിയവന്റെ പിറകേ നടന്നുനടന്ന് "ക്രിസ്തു=സ്നേഹം, സഹനം, ത്യാഗം" എന്ന തിരിച്ചറിവിലേക്ക് അയാൾ സാവധാനം ചെന്നെത്തുകയാണ്. ആ വെല്ലുവിളികൾക്ക് ജീവിതംകൊണ്ട് ഒടുക്കം പ്രത്യുത്തരം നല്കുകയും ചെയ്തു.

പൗലോസ്, പത്രോസ്, മറ്റു ശിഷ്യന്മാർ എല്ലാവരും ക്രൂശിതനുവേണ്ടി സ്വന്തം ജീവിതത്തിൽ നഷ്ടങ്ങൾ മാത്രം സഹിച്ചവരാണ്. യേശുവിനെ സ്നേഹിച്ചതിന് ഇവർക്കു നിരത്താനുള്ള തെളിവുകൾ സ്വന്തം മുറുവുകളാണ്. ദൈവം ഒരുവനെ ആത്യന്തികമായി വിളിച്ചുകൊണ്ടുപോകുന്നത് ക്രിസ്തുവിന്റേതു കണക്കുള്ള ഒരു മരണത്തിലേക്കു തന്നെയാണെന്നുള്ള വാക്കുകൾ നെഞ്ചിൽ കുറിച്ചു വയ്ക്കൂ. കൺമുമ്പിൽ ഇരുട്ടുനിറയുമ്പോഴും നീതിസൂര്യനായ ക്രിസ്തുവിനെ അനുഗമിക്കാനാകുമോ എന്നതാണ് ശിഷ്യത്വത്തിന്റെ പരമമായ വെല്ലുവിളി.

ഈ ലേഖനം അവസാനിപ്പിക്കുന്നതിനു മുമ്പ് ഇവിടുത്തെ വചനപ്രഘോഷകരോട് ഒരു കാര്യം പറയട്ടെ. താൻ ക്രിസ്തുവിനോടൊപ്പം നിന്നു എന്നതിനു തെളിവായി പൗലോസ് നിരത്തുന്നത് സ്വന്തം മുറിവുകളാണ്. നിങ്ങളെന്തുകൊണ്ടാണ് നിങ്ങളുടെ വിജയങ്ങളും നിങ്ങൾ ചെയ്ത അത്ഭുതങ്ങളും ഇത്രമാത്രം മൈക്കിലൂടെ വിളിച്ചുപറയുന്നത്? തന്നെതന്നെ ത്യജിച്ചു ക്രൂശെടുത്തു തന്നെ അനുഗമിക്കാൻ പറഞ്ഞ ഒരു ദൈവത്തെക്കൊണ്ട് നിങ്ങൾക്ക് എങ്ങനെയാണ് ഇത്രയും വിജയങ്ങൾ ആഘോഷിക്കാനാകുന്നത്?

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# വചനം ജീവിതത്തിന്റെ ആധാരം

സ്റ്റീഫൻ മാർക്കിന്റെ, പ്രായമുള്ള അമ്മായി മരിക്കുന്നതിനു മുമ്പ് വിൽപത്രത്തിൽ ഇപ്രകാരം എഴുതി വച്ചിരുന്നു. എന്റെ സംസ്കാര ശുശ്രൂഷകൾക്കാവശ്യമായ ചെല വുകളും കടങ്ങളും വീട്ടിയതിന് ശേഷം എനിക്കുള്ള ബാക്കി പണവും വിലപ്പെട്ട കുടുംബ വേദപുസ്തകവും എന്റെ അനന്തിരവനായ സ്റ്റീഫൻ മാർക്കിന് കൊടുക്കുക. തനിക്ക് കുറച്ചു പണം കിട്ടുമെന്നറിഞ്ഞപ്പോൾ സ്റ്റീഫന് വളരെ സന്തോഷം തോന്നി. എന്നാൽ വേദപുസ്തകത്തോട് വലിയ താല്പര്യം ഒന്നും തോന്നിയില്ല. അത് ഒന്നു തുറന്നു നോക്കുവാൻ പോലും തുനിയാതെ അയാൾ അത് തന്റെ പെട്ടിക്കുള്ളിൽ ഉപേക്ഷിച്ചു.

അടുത്ത 30 വർഷങ്ങൾ സ്റ്റീഫൻ വളരെ ബുദ്ധിമുട്ടുള്ളവനായി ജീവിച്ചു. ആവശ്യ ത്തിനുള്ള ഭക്ഷണമോ വസ്ത്രമോ ഒന്നുമില്ലാതെ അയാൾ നാളുകൾ കഴിച്ചുകൂട്ടി. പ്രായം ചെന്ന് വളരെ ക്ഷീണിതനായപ്പോൾ അടുത്ത പട്ടണത്തിൽ താമസിക്കുന്ന തന്റെ മകന്റെ അടുക്കലേക്കു പോകുവാൻ അദ്ദേഹം തീരുമാനിച്ചു.



തന്റെ ലഘുവായ കൈമുതലുകൾ എടുത്ത് അടുക്കി ക്കൊണ്ടിരുന്നപ്പോൾ ആ പഴയ കുടുംബ വേദപുസ്തകം പെട്ടിയുടെ അടിയിലായി ഇരുക്കുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെട്ടു. അതിന്റെ പുറത്ത് പറ്റിയിരുന്ന പൊടി തട്ടിക്കളഞ്ഞുകൊണ്ടിരുന്നപ്പോൾ അതു യാദൃശ്ചികമായി തുറക്കാൻ ഇടയായി. അതിനുള്ളിലെ കാഴ്ച കണ്ട് അദ്ദേഹം സ്തംബ്ധനായിപ്പോയി. ധാരാളം വിലയേറിയ കറൻസി നോട്ടുകൾ വേദപുസ്തകത്തിന്റെ താളുകൾക്കി ടയിൽ ഭദ്രമായി വച്ചിരുന്നു.

തന്റെ വേദപുസ്തകത്തിലുള്ള നിധി മനസ്സിലാ ക്കാതെ അദ്ദേഹം നീണ്ട മുപ്പത് വർഷങ്ങൾ ഒരു പാവ പ്പെട്ടവനായി ജീവിച്ചു. ഈ മനുഷ്യനെപ്പോലെ ഇന്നും അനേകർ ജീവിക്കുന്നുണ്ട്. വചനം ദൈവികാനുഗ്രഹസ മൃദ്ധി വാഗ്ദാനം ചെയ്തിട്ടും അതിനെ സ്വീകരിക്കുവാൻ അവർ വിമുഖത കാട്ടുന്നു. ഇന്ന് നമ്മുടെ കൈവശമുള്ള തിരുവചനത്തിൽ കറൻസികളില്ലെങ്കിലും ജീവിതത്തിന് ആവശ്യമായതെല്ലാം അതിൽ അടങ്ങിയിട്ടുണ്ട്.

ഓരോ ദിവസവും നാം വായിക്കുന്ന തിരുവചനം അതതു ദിവസത്തേക്കുള്ള ദൈ ദൂതാണ് എന്ന് ഉറച്ചു വിശ്വസിക്കണം. ദൈവവചനം നമ്മെ നന്മയിലേക്കും സൽപാത കളിലേക്കും നയിക്കും. ദൈവത്തിന്റെ തിരുവെഴുത്തുകൾ ധ്യാനിക്കുവാനും അനുസ രിക്കുവാനും നാം തയാറാകുമ്പോഴാണ് ജീവിതം ധന്യമാകുന്നത്.

ദൈവിക വെളിപാടിനായി കാത്തിരിക്കുക. തീർച്ചയായും പരിശുദ്ധാത്മാവ് നിങ്ങൾക്ക് ദൈവിക സത്യങ്ങൾ വെളിപ്പെടുത്തിത്തരും.

യേശു പറഞ്ഞു, മനുഷ്യൻ ജീവിക്കുന്നത് അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വചനം കൊണ്ടുമാണ്. പുറമെ കാണുന്ന ഈ പണവും സാഹചര്യങ്ങളും അല്ല ജീവി തത്തിന്റെ ആധാരം.

കോടീശ്വരന്മാർ ആത്മഹത്യ ചെയ്യുന്നില്ലേ...? എല്ലാമുള്ളവനും മാനസികത്തകർച്ച നേരിടുന്നില്ലേ...? കോടീശ്വരന്റെ വീട്ടിൽ സ്വസ്ഥതയുണ്ടോ...? പാപത്തിനും ലഹരിക്കും മദ്യപാനത്തിനും അടിമയായി ജീവിക്കുന്നവരുടെ ജീവിതം തകരുകയല്ലേ...? എന്തെല്ലാം ഉയർച്ച ഉണ്ടായാലും അതിനപ്പുറമായ ഒരു കാര്യം നമുക്കാവശ്യമാണ്. അതാണ് ദൈവ ത്തിന്റെ വചനം വാഗ്ദാനം ചെയ്യുന്നത്.


ദൈവത്തിന്റെ വചനങ്ങൾ നാം പ്രമാണിക്കുകയും അതനുസരിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്താൽ നമ്മുടെ ജീവിതത്തിൽ ഒരു സാഹചര്യത്തിലും ഒരു വ്യക്തിയുടെ മുൻപിലും ലജ്ജിച്ചുപോകേണ്ട ആവശ്യം വരികയില്ല.

മറ്റുള്ളവരോട് തെറ്റു ചെയ്തപ്പോൾ, കോപിച്ചപ്പോൾ, അത് തെറ്റായിപ്പോയെന്നും അത് പാപമാണെന്ന് മനസി ലാക്കി അതിന് ക്ഷമചോദിക്കുവാൻ എന്നെ പ്രേരിപ്പിക്കു ന്നത് ദൈവത്തിന്റെ വചനമാണ്.

ഒരു പണ്ഡിതൻ പറഞ്ഞു; "ഒന്നുകിൽ ദൈവത്തിന്റെ വചനം നിന്നെ പാപത്തിൽ നിന്ന് സൂക്ഷിക്കും. അല്ലെ ങ്കിൽ പാപം നിന്നെ ദൈവത്തിന്റെ വചനത്തിൽ നിന്നും സൂക്ഷിക്കും." അതായത്, നീ എല്ലാ ദിവസവും ദൈവ ത്തിന്റെ വചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്താൽ പാപത്തിൽ നിന്നും നിനക്ക് വിടുതൽ ലഭി ക്കും. സമാധാനവും സ്വസ്ഥതയുമുണ്ടാകും. ദൈവത്തിന്റെ അനുഗ്രഹം മഴപോലെ നിന്റെമേൽ പെയ്തുകൊണ്ടി രിക്കും.

ദൈവവചനത്തിൽ നിന്നും വ്യത്യസ്തമായി ദൈവം ഒരിക്കലും ഒരു കാര്യത്തി ലേക്കും നമ്മെ നയിക്കുകയില്ല. എല്ലാ ദിവസവും മുടങ്ങാതെ സമർപ്പണത്തോടെ തിരു വചനം പഠിക്കുമ്പോൾ പടിപടിയായി പരിശുദ്ധാത്മാവ് നമ്മെ നയിക്കുന്നതായി അനു ഭവപ്പെടും!

ദൈവവചനം ധ്യാനിക്കുന്നതും പഠിക്കുന്നതും ക്രമീകൃതമായ ഒരു ചിട്ടയായി നിങ്ങൾ വളർത്തിയെടുക്കുക. ദൈവത്തിന്റെ വചനം രാപ്പകൽ ധ്യാനിക്കുവാനുള്ള മനസൊ രുക്കം നിങ്ങൾക്കുണ്ടായിരിക്കട്ടെ.



# ആത്യന്തിക നന്മ

രാഷ്ട്രപിതാവായ മഹാത്മജി യോടൊപ്പം നാൽപതുവർഷം ഇടപ ഴകി ജീവിച്ച ഒരാൾ ഇപ്പോഴും ജീവി ച്ചിരിപ്പുണ്ടെന്നു കേട്ടാൽ അതു വിശ്വ സിക്കാൻ വിഷമം തോന്നും. എന്നാൽ ലഭ്യമായ റിപ്പോർട്ടുകളനുസരിച്ച് അങ്ങനെയൊരാൾ ഇപ്പോഴും ജീവി ച്ചിരിപ്പുണ്ട്. അതു ബംഗളുരു സ്വദേ ശിയായ സുധാകർ ചതുർവേദിയാണ്. ചതുർവേദി അവകാശപ്പെടുന്നതനുസരിച്ച് അദ്ദേഹം ജനിച്ചത് 1897 ഏപ്രിൽ 20–നാണ്. അങ്ങനെയെങ്കിൽ അദ്ദേഹത്തിനിപ്പോൾ 121 വയസുണ്ട്. വേദപണ്ഡിതനായ ചതുർവേദി പഠനകാലത്താണ് ഗാന്ധിജിയുമായി പരിചയപ്പെട്ടത്. അതിനുശേഷം നാൽപ തുവർഷം അദ്ദേഹം ഗാന്ധിജിയോടൊപ്പമായിരുന്നു.

ഗാന്ധിജിയുടെ 'പോസ്റ്റുമാൻ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ചതുർവേദി ഗാന്ധി ജിയുടെ കത്തുകൾ തയാറാക്കുന്നതിനും അവ മറ്റുള്ളവരിലെത്തിക്കുന്നതിനും സഹാ യിച്ചിരുന്നു. ഗാന്ധിജിയോടൊപ്പം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ചതുർവേദി നിര വധി തവണ ജയിൽ വാസം അനുഭവിച്ചിട്ടുണ്ട്.

ഗാന്ധിജിയുടെ ജീവിതത്തിലെ നിരവധി സംഭവങ്ങൾക്കു ദൃക്സാക്ഷിയായിരുന്ന ചതുർവേദി ഒരിക്കൽ ഒരു സംഭവം ശ്രീ. രവിശങ്കറോട് പറയുകയുണ്ടായി.

ഒരിക്കൽ ഗാന്ധിജിയും ചതുർവേദിയും ട്രെയിനിൽ ഡാർജിലിംഗിലേക്ക് പോകുന്ന അവസരം. സമുദ്രനിരപ്പിൽനിന്ന് 6,700 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഹിൽസ്റ്റേ ഷനാണ് ഡാർജിലിംഗ്, ഹിമാലയപർവതനിരകളുടെ ഭാഗമായ ഡാർജിലിംഗിലേക്കുള്ള ട്രെയിൻ ധാരാളം വളവുകളും തിരുവുകളുമുള്ള റെയിൽപാതളിലൂടെ മലകൾ കയറി യാണ് കടന്നുപോകുന്നത്. യാത്രയ്ക്കിടയിൽ ഒരു അപകടം സംഭവിച്ചാൽ യാത്രക്കാ രുടെ പൊടിപോലും കിട്ടാത്ത അവസ്ഥയാണുള്ളത്.

ഗാന്ധിജിയും ചതുർവേദിയും ഡാർജിലിംഗിലേക്ക് ട്രെയിൻയാത്ര ചെയ്യുമ്പോൾ അവർ ഇരുവരും ജോലിത്തിരക്കിലായിരുന്നു. ഗാന്ധിജി പറഞ്ഞുകൊടുക്കുന്ന കാര്യ ങ്ങൾ അപ്പോഴപ്പോൾ എഴുതിയെടുക്കുകയായിരുന്നു ചതുർവേദി.

അപ്പോഴാണ് എന്തോ തകരാറുമൂലം ട്രെയിനിന്റെ എൻജിനും ബോഗികളും തമ്മി ലുള്ള ബന്ധം വിട്ടുപോയത്. ഉടനെ മുകളിലേക്കു പോകേണ്ടിയിരുന്ന ബോഗികൾ താഴേക്ക് ഉരുളാൻ തുടങ്ങി. അപ്പോൾ യാത്രക്കാരുടെയിടയിൽ ആകെ അങ്കലാപ്പായി. എന്തുചെയ്യണമെന്നറിയാതെ എല്ലാവരും വിഷമിച്ചു. ബോഗികൾ ഏതുനിമിഷവും പാളം തെറ്റി അഗാധമായ കൊക്കയിലേക്കു മറിഞ്ഞു വീഴാവുന്ന അവസ്ഥ. ചതുർവേദിയും മറ്റുള്ളവരെപ്പോലെ ആശങ്കാകുലനായി എഴുത്ത് നിർത്തി.

ഉടനെ ഗാന്ധിജി അൽപംപോലും പരിഭ്രാന്തനാകാതെ ചതുർവേദിയോടു പറഞ്ഞു, "ഞാൻ പറയുന്നത് എഴുതിയെടുക്കൂ." അപ്പോൾ ചതുർവേദി ചോദിച്ചു, "ഇപ്പോൾ സംഭവിക്കുന്നത് എന്താണെന്നു ബാപ്പുജിക്കറിയാമോ? നമ്മൾ ഇനി ജീവിച്ചു എന്നു വരില്ല. നാം ഏതുനിമിഷവും മരിക്കാം. ബോഗികൾ പിന്നോട്ട് പൊയ്ക്കൊണ്ടിരിക്കുക യാണ്. അവയുടെ സ്പീഡ് ആണെങ്കിൽ കൂടിക്കൊണ്ടുമിരിക്കുന്നു."

"നമ്മൾ മരിക്കുകയാണെങ്കിൽ മരിക്കട്ടെ," മറുപടിയായി ഗാന്ധിജി പറഞ്ഞു. "എന്നാൽ നാം ജീവിച്ചിരിക്കുകയാണെങ്കിൽ വെറുതേ എന്തിന് ഇപ്പോഴത്തെ സമയം പാഴാക്കണം? സമയം കളയാതെ വേഗം ഞാൻ പറയുന്നത് എഴുതിയെടുക്കൂ." അപ്പോൾ വിറയ്ക്കുന്ന കൈകളോടെയാണെങ്കിലും ചതുർവേദിക്കു ഗാന്ധിജി പറഞ്ഞുകൊടു ത്തത് എഴുതിയെടുക്കേണ്ടിവന്നു.

അന്ന് ട്രെയിൻ അപകടം ഒഴിവായി എന്നു വ്യക്തം. എന്നാൽ അപകടം എങ്ങനെ ഒഴിവായി എന്നു വ്യക്തമല്ല.

സമയം വെറുതേ നഷ്ടപ്പെടുത്താതെ ജോലി ചെയ്യുന്ന കാര്യത്തിൽ ഗാന്ധിജിക്കു ണ്ടായിരുന്ന നിഷ്ഠ ഈ സംഭവം ഏറെ വ്യക്തമാക്കുന്നുണ്ട്. എന്നാൽ അതിനെക്കാ ളേറെ ഈ സംഭവം വ്യക്തമാക്കുന്നത് ഏതു പ്രതിസന്ധിയിലും ആത്മധൈര്യം നഷ്ട പ്പെടാതെ അചഞ്ചലനായി നിൽക്കാൻ ഗാന്ധിജിക്കുണ്ടായിരുന്ന അനിതരസാധാര ണമായ കഴിവാണ്.

ഗാന്ധിജി അന്ന് നേരിട്ടതുപോലൊരു സാഹചര്യം നമുക്ക് നേരിട്ടാൽ നാം അദ്ദേ ഹത്തെപ്പോലെ നിർഭയമായി ആ സാഹചര്യം നേരിടുമോ? സംശയമാണ്. ഗാന്ധിജി യാത്രചെയ്തിരുന്ന ആ ട്രെയിനിലുണ്ടായിരുന്ന മറ്റു യാത്രക്കാരെപ്പോലെ നാമും ആകെ പ്പാടെ പരിഭ്രാന്തചിത്തരാകാനാണ് ഏറെ സാധ്യത.

അതിനു കാരണവുമുണ്ട്. ആ കാരണമാകട്ടെ ദൈവത്തിന്റെ അനന്തപരിപാലനയി ലുള്ള നമ്മുടെ വിശ്വാസത്തിന്റെ പോരായ്മയാണ്. ദൈവത്തെ സ്നേഹിക്കുന്നവർക്കും അവിടുത്തെ കൽപനയനുസരിച്ച് ജീവിക്കുന്നവർക്കും എന്തു സംഭവിച്ചാലും അത് ആത്യന്തികമായി നമ്മുടെ നന്മയ്ക്കാണെന്നു നമുക്കറിയാം. എന്നാൽ പ്രതിസന്ധിക ളിലും പ്രതികൂല സാഹചര്യങ്ങളിലും നാം അതു മറന്നുപോകുന്നു.

നമ്മുടെ ജീവിതം ദൈവത്തിന്റെ അനന്തപരിപാലനയുടെ കുടക്കീഴിലാണെന്ന് എപ്പോഴും നമുക്ക് ഓർമിക്കാം. അപ്പോൾ ഏതു പ്രതിസന്ധിയിലും അചഞ്ചലരായി മുന്നോട്ടുപോകാൻ നമുക്കു സാധിക്കും.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

***ഉല്പത്തി പുസ്തകം വൈരുദ്ധ്യങ്ങൾ നിറഞ്ഞതാണെന്നും അത് അശ്ലീല-അധാർമ്മിക പുസ്തകമാണെന്നും മാതാവിനെ ഭാര്യയാക്കിയ മകന്റെ (കയീൻ) കഥയാണെന്ന് യുക്തിവാദിയായ പ്രൊഫ. സി. രവിചന്ദ്രനും, ഹിന്ദു ഐക്യവേദിയും പറയുന്നു. എല്ലാവരുടെയും അറിവിലേക്കായി ഇതിനൊരു മറുപടി വേദാഭിമാനിയിലൂടെ നൽകുമല്ലോ.***

പാ. ജെയ്സൺ തോമസ്, അങ്ങാടിയ്ക്കൽ സൗത്ത്, കൊടുമൺ, പത്തനംതിട്ട

മറ്റുള്ളവരെ പരിഹസിച്ചു നടന്ന ഒരുവൻ യാദൃശ്ചികമായി കണ്ണാടി കാണുവാൻ ഇടയായപ്പോൾ അയ്യേ എന്ന് സ്വയം പറഞ്ഞതായ ഒരു കഥ കേട്ടിട്ടുണ്ട്. ഐക്യവേദിപോലുള്ള സംഘടനകൾ സ്വന്തം മതഗ്രന്ഥങ്ങളും സി. രവിചന്ദ്രനെപ്പോലുള്ള യുക്തിവാദികൾ ക്വാണ്ടം ഫിസിക്സ് ഉൾപ്പെട്ട ആധുനിക ശാസ്ത്രവും പരിശോധിക്കണം. അപ്പോൾ നിങ്ങളും പറയും അയ്യേ എന്ന്.

ബ്രഹ്മാവിന് സ്വന്തം മകളായ സന്ധ്യയിൽ പിറന്ന മകനാണ് കാമൻ. പ്രജാപതി സ്വന്തം മകളെ ഭാര്യയാക്കി എന്ന് വേദത്തിലും പറയുന്നുണ്ടല്ലോ. ഇളംകുളം കുഞ്ഞൻപിള്ള എഴുതിയ 'അന്നത്തെ കേരളം' വെട്ടം മാണിയുടെ 'പുരാണിക് എൻസൈക്ലോപീഡിയ' ഒക്കെ വായിച്ചിട്ടുവേണം ഹൈന്ദവർ വേദപുസ്തകത്തെ വിമർശിക്കാനിറങ്ങാൻ.

ജീവൻ എങ്ങനെയുണ്ടായെന്നോ ജീവൻ നിലനിൽക്കത്തവിധം സാഹചര്യങ്ങൾ എപ്രകാരം ക്രമീകരിക്കപ്പെട്ടന്നോ വിശദീകരിക്കാൻ കഴിയാത്ത ശാസ്ത്രത്തേയും ക്ലാസ് മുറിയിലെ പഠനമില്ലാതെ കപ്പൽ യാത്രയിലൂടെ നേടിയ ഡാർവിന്റെ അബദ്ധ നിഗമനങ്ങളേയും കൂട്ടുപിടിച്ചാണ് രവിചന്ദ്രൻ വേദപുസ്തകത്തെ വിമർശിക്കുന്നത്. ഒന്നറിയുക ബൈബിൾ യാഥാർത്ഥ്യങ്ങൾ നിങ്ങളുടെ ബാലിശ വിമർശനങ്ങൾക്കതീതമാണ്. ഉല്പത്തി പുസ്തകത്തിൽ കാണുന്നത് മാന്യവും ധാർമ്മികവും വിശ്വസനീയവുമായ അവതരണം തന്നെയാണ്.

പ്രപഞ്ചം മുട്ട വിരിഞ്ഞുണ്ടായതല്ലല്ലോ. അതിന്റേതായ ഒരു ചരിത്രം ഏക മനുഷ്യനിൽ നിന്നു തുടങ്ങേണ്ടിയിരിക്കുന്നു. അതു തന്നെയാണ് ഉല്പത്തിയിൽ നാം കാണുന്നത്.

വേദപുസ്തകത്തെ ആക്ഷേപിച്ചു പറയുന്നതു കേട്ടാൽ പ്രപഞ്ചോല്പത്തിയെക്കുറിച്ച് ഏതാണ്ട് അറിവുള്ളതുപോലെയാണ് രണ്ടുകൂട്ടരും സംസാരിക്കുന്നത്. രണ്ടു കാലിലെ മന്തും മണ്ണിൽ പൂഴ്ത്തിവച്ച് വഴിയെ പോകുന്നവരെ കളിയാക്കുന്നതു പോലെ. യുക്തിവാദത്തിന്റെയും ശാസ്ത്രത്തിന്റെയും മതത്തിന്റെയും പൊയ്മുഖങ്ങൾ തിരിച്ചറിഞ്ഞ് അറിവിലൂടെയും അനുഭവത്തിലൂടെയും ക്രിസ്തീയ വിശ്വാസം സ്വീകരിച്ച എനിക്ക് ഉല്പത്തി ആധികാരികമായി പഠിക്കുന്ന ഒരുവന് അതിൽ നിഷേധിക്കാനാകാത്ത ശാസ്ത്രവും ചരിത്രവും കണ്ടെത്താൻ കഴിയുമെന്ന് ഉറപ്പോടെ പറയുവാൻ കഴിയും.



ലോകസൃഷ്ടി, പാപാരംഭം, ജലപ്രളയം, വിവിധ ഭാഷകൾ, ജനങ്ങൾ ചിതറിപ്പോയത് തുടങ്ങിയ കാര്യങ്ങൾ വിവരിക്കുന്ന ഉല്പത്തി ചരിത്രബന്ധിതമായ ഒരു പുസ്തകമാണ്. കനാന്യർ, ബാബിലോന്യർ, മതാനുഷ്ഠാനങ്ങൾ, ആചാരമര്യാദകൾ ഇവയ്ക്കൊക്കെ ചരിത്രാടിസ്ഥാനമുണ്ടെന്നുള്ളതാണ് സത്യം. യഹൂദന്റെ ചരിത്രം മാത്രം മതി ഇതിന്റെ യാഥാർത്ഥ്യം മനസിലാക്കാൻ.

പഴയനിയമത്തിന്റെ ഗ്രീക്ക് ഭാഷാന്തരത്തിൽ ഉല്പത്തി പുസ്തകത്തിന്റെ തലക്കെട്ട് ഗെനേസിസ് എന്നാണ്. ഇതേ പേരുതന്നെ ലത്തീൻ ബൈബിളിലും ഇംഗ്ലീഷിലും (Genesis). അർത്ഥം ഉല്പത്തി. ഉല്പ.2:4-ന്റെ ആദ്യഭാഗം സപ്തതി പാഠത്തിൽ ഇപ്രകാരമാണ്. "ഇതു ആകാശത്തിന്റെയും ഭൂമിയുടെയും ഉല്പത്തിയുടെ (ഗെനേസിസ്) പുസ്തകമാണ്". ഈ പ്രസ്താവനയിൽ നിന്നായിരിക്കണം, ഗെനേസിസ് എന്ന പേര് വിവർത്തകർ നല്കിയത്. അതതു പുസ്തകത്തിന്റെ ആദ്യത്തെ പദമോ ആദ്യവരിയിലെ പ്രധാന പദമോ ഗ്രന്ഥത്തിന്റെ പേരായി ഉപയോഗിക്കുകയാണ് എബ്രായ പാരമ്പര്യം. ഉല്പത്തി പുസ്തകത്തിലെ ആദ്യപദം, ബ്റേഷിത് (ആരംഭത്തിൽ/ആദിയിൽ). അതുകൊണ്ട് ബ്റേഷിത് എന്നാണ് എബ്രായ ബൈബിളിൽ ഈ പുസ്തകത്തിന്റെ പേര്.

ഉല്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യാ, ആവർത്തനം എന്നീ അഞ്ചു പുസ്തകങ്ങളെ ഒന്നിച്ച് ദിവ്യോപദേശം എന്നർത്ഥമുള്ള തോറാ എന്നു വിളിച്ചു പോരുന്നു. ഈ വാക്കിന് ബെയ്ലി ബൈബിളിൽ കൊടുത്തിരിക്കുന്ന 'ന്യായപ്രമാണം' എന്ന വിവർത്തനം മൂലപദത്തിന്റെ അർത്ഥവ്യാപ്തി പ്രകാശിപ്പിക്കുന്നില്ല. ഇംഗ്ലീഷ് ബൈബിളിലെ ലോ (law) എന്ന പ്രയോഗമാണ് ബെയ്ലി 'ന്യായപ്രമാണ'മെന്ന് തർജ്ജിമ ചെയ്തത് (2 രാജാ.23:25; യോശു.8:31; 23:6; 2 രാജാ.14:6). തോറാ എഴുതുന്നതിന് അഞ്ചു തുകൽ ചുരുളുകൾ വേണ്ടിവന്നു. അതുകൊണ്ട് 'അഞ്ചു വിഭാഗങ്ങളുള്ളത്' എന്ന അർത്ഥത്തിൽ പെന്റാറ്റ്യുക്കൊസ് എന്ന ഗ്രീക്കുസംജ്ഞ സഭാപിതാക്കന്മാർ ഈ പുസ്തകസഞ്ചയത്തിനു നല്കി (പഞ്ചഗ്രന്ഥം). തോറായുടെ ഒന്നാം ഭാഗമാണ് ഉല്പത്തി പുസ്തകം. ചരിത്രപരമായി ഉല്പത്തി പുസ്തകത്തെ മൂന്നായി വിഭജിക്കാം: 1) ചരിത്രാതീത കാലത്തെ സംബന്ധിച്ച പുരാവൃത്തങ്ങൾ. 2) അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് എന്നീ പിതാക്കന്മാരെ (Patriarchs) പരാമർശിക്കുന്ന ആഖ്യാനങ്ങൾ. 3) യോസേഫിന്റെ ചരിത്രം. ഉല്പത്തി പുസ്തകം ആദ്യാവസാനം സസൂഷ്മം വായിച്ചാൽ ഇതിന്റെ സംവിധാനത്തിനു പിന്നിൽ സുദീർഘമായ ചരിത്രമുണ്ടെന്ന് വ്യക്തമാകും.

എബ്രായ ഭാഷയിൽ 'ആദിയിൽ' എന്നു പറഞ്ഞാണ് തുടക്കം. 2 രാജാക്കന്മാർ എന്ന പുസ്തകം വരെ ഉൽപ്പത്തിയിൽ ആരംഭിക്കുന്ന ചരിത്രം തുടരുന്നു.

മനുഷ്യരാശിയുടെയും വിശിഷ്യ ഇസ്രായേലിന്റെയും ഉൽഭവമാണ് വിവരിക്കപ്പെടുന്നത്. ആദ്യത്തെ പതിനൊന്ന് അധ്യായങ്ങളിൽ ചരിത്രാതീതകാലവും അതിനുശേഷം ജോസഫ് വരെ ഉള്ള ഇസ്രായേൽ ചരിത്രവും ആണ് പ്രതിപാദിച്ചിരിക്കുന്നത്. ചരിത്രാതീത കാലത്തിന്റെ കഥ പറയുവാൻ ബാബിലോണിയൻ പാരമ്പര്യങ്ങളും സമകാലീനസമൂഹത്തിനു മനസ്സിലാകുന്ന ആശയങ്ങളും ഉപയോഗിച്ചിരിക്കുന്നു. സമസ്തവും സൃഷ്ടിച്ചവൻ ദൈവം ആണ്, ഇതര സൃഷ്ടികളിൽ നിന്ന് വ്യത്യസ്തമായി ദൈവത്തോട് പ്രത്യേക ബന്ധം പുലർത്താൻ വിളിക്കപ്പെട്ടവനാണ് മനുഷ്യൻ, ആ മനുഷ്യന്റെ വംശത്തിൽ തന്നെ ദൈവത്തിനു ജനം ആയിരിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ടതാണ് ഇസ്രായേൽ എന്നു തുടങ്ങിയ സംഗതികളാണ് ഈ പുസ്തകം നമ്മോട് സംസാരിക്കുന്നത്.

ഹേതുപദാർഥതത്ത്വശാസ്ത്രം, എന്നുവച്ചാൽ aetiology, ഉൽപ്പത്തിയിൽ ഏറെയുണ്ട്. പല സംഗതികളും വരാവുന്ന ചോദ്യങ്ങളുടെ ഉത്തരം ആയിട്ടാണ് എഴുതിയിരിക്കുന്നത്. എന്തുകൊണ്ട് മനുഷ്യൻ ചിരഞ്ജീവി അല്ല, എന്തുകൊണ്ട് മനുഷ്യന് വിയർക്കാതെ അപ്പം തിന്നാൻ കഴിയാതെ വരുന്നു, എന്തുകൊണ്ട് സ്ത്രീ വേദനയോടെ പ്രസവിക്കുന്നു, എന്തുകൊണ്ട് സ്ത്രീപുരുഷന്മാർ പരസ്പരം ആകൃഷ്ടരാവുന്നു, എന്തുകൊണ്ട് മനുഷ്യർ വിവിധഭാഷകൾ സംസാരിക്കുന്നു - ഈ ചോദ്യങ്ങൾക്കൊക്കെ ഉൽപ്പത്തി മറുപടി പറയുന്നു. എന്നാൽ രക്ഷയിലാണ്, സൃഷ്ടിയിലല്ല ഉൽപ്പത്തി ഊന്നൽ കൊടുക്കുന്നത്. ഏകദൈവം (The one God) മാത്രമാണ് 'സ്രഷ്ടാവ്'. അവന്റെ സൃഷ്ടികർമ്മത്തിനോ സർഗശക്തിക്കോ എതിരില്ല; അവന്റെ ചൈതന്യം അജയ്യമായി വ്യാപരിച്ചു (ഉല്പ.1:1,2). അവൻ പറഞ്ഞു, അവ ഉണ്ടായി. ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു. അവന് തുണയായി സ്ത്രീയും. മനുഷ്യൻ നിഷ്കളങ്കനായിരുന്നു. അവന് ദൈവവുമായി ബന്ധം ഉണ്ടായിരുന്നു. എന്നാൽ അവൻ ദൈവത്തോട് അനുസരണക്കേടു കാണിച്ചു. അത് പാപം ആയിരുന്നു. പാപം ചെയ്ത മനുഷ്യനു ദൈവത്തിന്റെ സൗഹൃദം നഷ്ടപ്പെട്ടു. നന്മതിന്മകളുടെ ഏറ്റുമുട്ടൽ മനുഷ്യരാശിക്ക് നിത്യാനുഭവമായി. ദൈവത്തോട് മറുതലിച്ച മനുഷ്യർ പരസ്പരം ശണ്ഠകൂടി. കൊലപാതകം, പ്രതികാരം, ബഹുഭാര്യാത്വം ഇങ്ങനെയുള്ള സംഗതികൾ ഉളവായി. തിന്മ വളർന്നു. ദൈവനീതി ഇടപെട്ടു. നീതിമാനായ നോഹ മുതൽ ഒരു പുതിയ കാലം. വീണ്ടും തിന്മയിൽ നിപതിക്കുന്ന മനുഷ്യൻ. ഇപ്രാവശ്യം ദൈവത്തിൽ നിന്ന് അകന്ന മനുഷ്യൻ പരസ്പരം അകലുകയും ചെയ്തു. അപ്പോൾ ദൈവം ഇടപെട്ടു. അബ്രഹാമിനെ വിളിച്ചു. അവന് വാഗ്ദാനങ്ങൾ നൽകി. ആ വാഗ്ദാനങ്ങൾ ഇസ്രായേലിൽ പൂർത്തീകരിക്കപ്പെടുന്നു. സർവവും സൃഷ്ടിച്ച ദൈവം ഒരു ദേശത്ത് ഒരു ജനതയിലൂടെ തന്റെ രക്ഷാകര പദ്ധതി ആവിഷ്കരിക്കുന്നു. ഇതാണ് ഉൽപ്പത്തിയുടെ സന്ദേശം. ഇതോടൊപ്പം ഉൽപ്പത്തി ഒരു ധർമസംഹിതയ്ക്കും തുടക്കമിടുന്നു. ദൈവത്തെ ആരാധിക്കണം (12:7,8). അവന്റെ നാമം വിളിച്ച് അപേക്ഷിക്കണം (13:4), ലൈംഗികസദാചാരം പുലർത്തണം (12:17), നരബലി പാടില്ല (22:11), കൊലപാതകം നിഷിദ്ധമാണ് (37:21), അപരിചിതരോട് ദയയോടെ പെരുമാറണം (18:1-8), പരേതരോട് ആദരവ് കാട്ടണം (23, 25:8-10), കുറ്റം ചെയ്തവരോട് ക്ഷമിക്കണം (50:15-21) തുടങ്ങിയവ ഉദാഹരണങ്ങൾ. ധർമസംഹിത മാത്രമല്ല, പുതിയനിയമത്തിൽ പൂർണമാക്കപ്പെടുന്ന ദൈവിക വെളിപാടിന്റെ തുടക്കവും ഇവിടെത്തന്നെ.

ആദമിനും ഹവ്വയ്ക്കും ജനിച്ച ആദ്യത്തെ മകനാണ് കയ്യിൻ (ഉല്പ.4:1). എന്നാൽ കയ്യീൻ തന്റെ സഹോദരനെ കൊലപ്പെടുത്തിയതിനുശേഷം ദൈവസന്നിധിയിൽ നിന്നും ഓടിയകന്നു (ഉല്പ.4:8-14). അങ്ങനെ കയ്യീൻ യഹോവയുടെ സന്നിധിയിൽ നിന്ന് പുറപ്പെട്ട് ഏദെന് കിഴക്ക് നോദ് ദേശത്ത് ചെന്നു പാർത്തു. കയ്യീൻ തന്റെ ഭാര്യയെ പരിഗ്രഹിച്ചു. അവൾ ഗർഭം ധരിച്ച് ഹാനോക്കിനെ പ്രസവിച്ചു (ഉല്പ. 4:17). കയ്യീനും മാതാപിതാക്കളായ ആദാമും ഹവ്വയും മാത്രം ജീവിച്ചിരുന്ന ഈ കാലഘട്ടത്തിൽ കയ്യീൻ എവിടെ നിന്ന് ഭാര്യയെ കണ്ടെത്തി? ഇതാണ് ഉല്പത്തി പുസ്തകത്തെ വിമർശിക്കാനുള്ള ഏക ആയുധം. കൊലപാതകിയും അധാർമ്മികനുമായ ഒരുവനെക്കുറിച്ചുള്ള വിവരണത്തിന് പ്രാധാന്യം നൽകുന്നതു കാണുമ്പോൾ ഒന്നേ പറയാനുള്ളൂ.... ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിനു കൗതുകം.

ബൈബിൾ ആദാമാണ് ആദ്യത്തെ മനുഷ്യനെന്ന് വ്യക്തമാക്കുന്നു (1 കൊരി. 15:45). കൂടാതെ ജീവനുള്ളവരുടെയെല്ലാം മാതാവാണ് ഹവ്വായെന്നും വെളിപ്പെടുത്തുന്നു (ഉല്പത്തി 3:20). അതിനാൽ വേറൊരു മനുഷ്യവർഗ്ഗം ഉണ്ടായിരുന്നു എന്ന ആശയം സ്വീകാര്യമല്ല. ബൈബിൾ മിക്കപ്പോഴും പെൺമക്കളുടെ പേര് വിവരങ്ങൾ വെളിപ്പെടുത്താറില്ല. മാത്രമല്ല ബൈബിൾ ഇപ്രകാരം പറയുന്നു: **"ശേത്തിനെ ജനിപ്പിച്ച ശേഷം ആദാം എണ്ണൂറ് സംവത്സരം ജീവിച്ചിരുന്ന് പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു" (ഉല്പത്തി 5:4).**


കയ്യീൻ ഹാബേലിനെ കൊന്നത് എന്നാണെന്ന് ബൈബിൾ പറയുന്നില്ല. ആ സമയം രണ്ടുപേരും ജോലി ചെയ്ത് അഹോവൃത്തി കഴിക്കുന്ന പൂർണ്ണ ആരോഗ്യമുള്ള വ്യക്തികളായിരുന്നു. ആദാമിനും ഹവ്വയ്ക്കും കയ്യീനും ഹാബേലും കൂടാതെ ഈ സമയം മറ്റ് മക്കളുണ്ടായിരുന്നു (ഉല്പത്തി 5:4). ഹാബേലിനെ കൊന്നതിനുശേഷം കയ്യീൻ പ്രതികാരത്തെ ഭയന്നിരുന്നു (ഉല്പത്തി 4:14) എന്നതിൽ നിന്നുതന്നെ ആദാമിന് വേറെ മക്കളുണ്ടായിരുന്നു എന്നത് വ്യക്തമാണ്. ആദാമിന്റെയും ഹവ്വായുടെയും മക്കളോ കൊച്ചുമക്കളോ ആയിരുന്നിരിക്കണം അവർ. അങ്ങനെയെങ്കിൽ കയ്യീന്റെ ഭാര്യ സ്വന്തം സഹോദരിയോ, സഹോദരീ പുത്രിയോ ആയിരിക്കാം. ആദാമിന്റെയും ഹവ്വയുടെയും കാലത്ത് അവർ മാത്രമേ ഉണ്ടായിരുന്നുള്ളു എന്നതിനാൽ അവരുടെ മക്കൾ അന്യോന്യം വിവാഹം ചെയ്തിരിക്കണം. ലേവ്യപുസ്തകം 18:6-18 വരെയുള്ള വാക്യങ്ങളിലാണ് ഒരേ കുടുംബത്തിലുള്ളവർ അന്യോന്യം വിവാഹം ചെയ്യുന്നതിനെ ആദ്യമായി ദൈവം വിലക്കിയിരിക്കുന്നത്. ആദാമിന്റെയും ഹവ്വയുടെയും ജീനുകൾക്ക് യാതൊരു കോട്ടവും ഇല്ലാതിരുന്നതിനാൽ അവർക്കും അവരുടെ ആദ്യതലമുറകൾക്കും വളരെ ആരോഗ്യമായി നീണ്ട വർഷങ്ങൾ ജീവിക്കുവാൻ കഴിഞ്ഞിരുന്നു. അക്കാലത്ത് ഒരേ കുടുംബത്തിലുള്ളവർ തമ്മിൽ വിവാഹം ചെയ്യുന്നത് കുഴപ്പമില്ലാത്ത കാര്യമായിരുന്നു.

ആദാമിനെയും ഹവ്വയെയും സൃഷ്ടിച്ച് അവരോട് സന്താനപുഷ്ടിയുള്ളവരായി പെരുകാൻ ദൈവം പറഞ്ഞു. അവരുടെ മക്കൾ തമ്മിലുള്ള വിവാഹങ്ങളിലൂടെയല്ലാതെ ഇതെങ്ങനെ സാദ്ധ്യമാകും? ഓർക്കുക, ആദാമിനെയും ഹവ്വായെയും മാത്രമാണ് ദൈവം സൃഷ്ടിച്ചത്.

WEBSITE vedahimani.com
FACE BOOK vedahimani
MAIL vedahimani@gmail.com
YouTube vedabhimani

VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 150/-

Postal Registered No : KL/MVK/184/2018-2020
Posted on 15, 20 September 2018
at RMS Kayamkulam
Published on Ist September 2018
RNI Registered No. KERMAL/2002/7361



# സ്വാതന്ത്ര്യ സമര ചരിത്ര പാഠവും ആർക്കും കൊട്ടാവുന്ന ചെണ്ടയും

ഇന്ത്യയിലെ ക്രൈസ്തവസമൂഹം ഈ രാജ്യത്തിനുവേണ്ടി നിലകൊണ്ടതിന്റെയും ജാതി, മത, വർഗ, വർണ ഭേദമെന്യേ ഇവിടെയുള്ള എല്ലാ വിഭാഗം മനുഷ്യർക്കുംവേണ്ടി പ്രയത്നിച്ചതിന്റെയും ചരിത്രം അറിയാത്തവരല്ല നമ്മുടെ നേതാക്കളും ജനപ്രതിനിധികളുമൊക്കെ. കാര്യം കാണാൻ അവർ അക്കാര്യം പലപ്പോഴും ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. എന്നാൽ, അടുത്തകാലത്തായി ഈ രാജ്യത്തെ ക്രൈസ്തവ സമൂഹത്തെ ഏതുവിധേനയും ഇകഴ്ത്താനും താറടിക്കാനും മനഃപൂർവ്വമായ ചില ശ്രമങ്ങൾ നടക്കുന്നു. എല്ലാ വിഭാഗം ക്രൈസ്തവരെയും, വിശിഷ്യ പെന്തക്കോസ്തുകാരെ പ്രത്യേകമായും ലക്ഷ്യമിട്ടുകൊണ്ടുള്ള അപവാദപ്രചാരണങ്ങളും അസത്യ പ്രസ്താവനകളും ചിലർ ബോധപൂർവം നടത്തുന്നു.

ഉത്തരവാദപ്പെട്ട ജനപ്രതിനിധികളും മറ്റും ഇത്തരം പ്രസ്താവനകൾ നടത്തുമ്പോൾ ചിലരെങ്കിലും അതു വിശ്വസിച്ചുപോവുക സ്വാഭാവികം. മാത്രമല്ല, നുണകൾ ആവർത്തിച്ചാൽ അതു സത്യമായി തോന്നിക്കൊള്ളുമെന്ന ഗീബൽസിയൻ സിദ്ധാന്തം ഇന്ത്യയിലെ ആധുനിക ഗീബൽസുമാർ പ്രയോഗിച്ചു തുടങ്ങിയിട്ടുമുണ്ട്. ഇത്തരം അപവാദപ്രചാരണങ്ങളോടു മറ്റു പല സമൂഹങ്ങളെയുംപോലെ വികാരപരമായി പ്രതികരിക്കുന്ന സ്വഭാവമല്ല ക്രൈസ്തവർക്കുള്ളത്. പാദക്ഷാളനത്തിന്റെയും ഒരു കരണത്തടിച്ചാൽ മറുകരണം കൂടി കാട്ടണമെന്നുമൊക്കെയുള്ള മാതൃകയുടെയും പ്രബോധനങ്ങളുടെയും ചുവടുപിടിച്ചു ജീവിക്കുന്ന ക്രൈസ്തവർ അപവാദപ്രചാരണങ്ങളെ "ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല, ഇവരോടു ക്ഷമിക്കണമേ" എന്ന ക്രിസ്തുവാക്യത്തിലൂന്നിയാവും നേരിടുക. എന്നാൽ, അബദ്ധധാരണകൾ അടിയുറയ്ക്കാനും എല്ലാവർക്കും കൊട്ടാവുന്ന ചെണ്ടയായി ക്രൈസ്തവർ മാറാനും ഇത്തരം ക്ഷമയും സഹിഷ്ണതയും ഇടയാക്കുമെന്നു കരുതുന്നവരുമുണ്ട്.

ക്രൈസ്തവർ രാജ്യസ്നേഹികളല്ലെന്നു സ്ഥാപിക്കുകയാണ് ഇപ്പോൾ ചിലർ ജോലിയായി ഏറ്റെടുത്തിരിക്കുന്നത്. അതിനനുസൃതമായ അബദ്ധ പ്രസ്താവനകളുമായി ചിലർ രംഗത്തെത്തുന്നു. ഇത്തരം നിലപാടുകളെ വർഗീയ അജൻഡയുള്ള ചില മാധ്യമങ്ങളുടെ കൂട്ടുപിടിച്ചു പ്രചരിപ്പിക്കാനും ശ്രമം നടക്കുന്നു. ഭൂരിപക്ഷ ഹൈന്ദവർ മാത്രമല്ല, ന്യൂനപക്ഷ മതസ്ഥർപോലും ക്രൈസ്തവരെ വെറുക്കണമെന്നൊരു ഗൂഢ അജൻഡയും ചിലരുടെ പ്രസ്താവനകൾക്കു പിന്നിലുണ്ടെന്നു സംശയിക്കണം. ആ പരമ്പരയിൽ ഏറ്റവും ഒടുവിൽ പുറത്തുവന്നതു ബി.ജെ.പിയുടെ മുതിർന്ന നേതാവും മുംബൈ നോർത്ത് എം.പിയുമായ ഗോപാൽ ഷെട്ടിയുടേതാണ്. "ക്രിസ്ത്യാനികൾ ബ്രിട്ടീഷുകാരായിരുന്നു. അവർ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടേയില്ല" എന്നതായിരുന്നു ഗോപാൽ ഷെട്ടിയുടെ സ്വാതന്ത്ര്യസമര ചരിത്രപാഠം. മാത്രമല്ല, ഹിന്ദുക്കളും മുസ്ലീംങ്ങളും മാത്രമാണു സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതെന്നും ഈ ചരിത്രവിശാരദൻ കൂട്ടിച്ചേർത്തു. എത്ര നല്ല ചരിത്രബോധം.

എന്താണ് ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ക്രൈസ്തവരുടെ പങ്ക്? വസ്തുനിഷ്ഠമായി ഇന്ത്യാ ചരിത്രം പഠിച്ചവരെല്ലാം അക്കാര്യം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻ ദേശീയതയ്ക്കു ബീജാവാപം ചെയ്തത്, സ്വാതന്ത്ര്യസമര പോരാട്ടത്തിനു നടുനായകത്വം വഹിച്ച, ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപവത്കരണത്തിനു വഴിയൊരുക്കിയ ബ്രിട്ടീഷുകാരനും ക്രൈസ്തവനുമായ എ.ഒ. ഹ്യൂമാണ്. 1887ൽ നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ മൂന്നാം വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത 607 പ്രതിനിധികളിൽ ഇന്ത്യക്കാരായ നിരവധി ക്രൈസ്തവരുണ്ടായിരുന്നു. ക്രൈസ്തവ വിശ്വാസം പിൻചെന്ന ആനിബസന്റ്, പണ്ഡിത രമാഭായി സരസ്വതി, കാളിചരൺ ബാനർജി എന്നിവരൊക്കെ ആദ്യകാല കോൺഗ്രസ് പ്രവർത്തകരും ഉറച്ച ദേശീയവാദികളുമായിരുന്നു.

തിരുവിതാംകൂറിലെ സ്വാതന്ത്ര്യസമര പോരാട്ടങ്ങൾക്കു വേദിയൊരുക്കിയ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ നേതാക്കളായ ടി.എം. വർഗീസ്, എ.ജെ. ജോൺ, അക്കാമ്മ ചെറിയാൻ എന്നിവർ തിരുവിതാംകൂർ ഉത്തരവാദഭരണത്തിനു വഴിയൊരുക്കുന്നതിനു നൽകിയ നേതൃത്വവും ചരിത്രത്താളുകളിൽ ഉണ്ട്. സ്വാതന്ത്ര്യസമര പോരാട്ട ചരിത്രത്തിൽ മാത്രമല്ല, ഇന്ത്യൻ സ്ത്രീത്വത്തിന്റെ അന്തസുയർത്തിയ വ്യക്തിത്വങ്ങളായി ആനിമസ്ക്രീനും, അക്കാമ്മ ചെറിയാൻ-റോസമ്മ പുന്നൂസ് സഹോദരിമാരുമൊക്കെ അറിയപ്പെടുന്നു. സ്വാതന്ത്ര്യസമരത്തിലും അതിനുശേഷം സ്വതന്ത്ര ഇന്ത്യയുടെ രൂപകൽപ്പനയ്ക്കും നിർണ്ണായക സംഭാവനകൾ നൽകിയ ക്രൈസ്തവ നേതാക്കളുടെ നീണ്ടനിരതന്നെയുണ്ട്.

മിഷനറിമാരുടെ സേവനങ്ങളെ മതപരിവർത്തനവുമായി മാത്രം ബന്ധപ്പെടുത്തി ആരോപണമുയർത്തുന്നവർ അവരിലൂടെ രാജ്യത്തിന്റെ വിദ്യാഭ്യാസരംഗത്തും ആതുരസേവനരംഗത്തും ഉണ്ടായിട്ടുള്ള പുരോഗതി കണ്ടില്ലെന്നു നടിക്കുകയാണ്. ക്രൈസ്തവ സഭയുടെ കഴിഞ്ഞ രണ്ടായിരം വർഷത്തെ അജപാലനത്തിന്റെയും പ്രഘോഷണത്തിന്റെയും സാമൂഹ്യ പ്രവർത്തനങ്ങളുടെയും ലക്ഷ്യം മതപരിവർത്തനമായിരുന്നുവെങ്കിൽ ഇന്നു ഭാരതത്തിൽ ജനസംഖ്യയിൽ 25 ശതമാനമെങ്കിലും ക്രിസ്ത്യാനികൾ കാണുമായിരുന്നു.

സ്വാതന്ത്ര്യത്തിന്റെ ഏഴു പതിറ്റാണ്ടു പിന്നിടുമ്പോഴും ഇന്ത്യയിലെ ക്രൈസ്തവ ജനസംഖ്യ രണ്ടരശതമാനത്തിൽ താഴെയാണെന്ന കാര്യവും മതപരിവർത്തനവാദത്തിന്റെ പൊള്ളത്തരം വ്യക്തമാക്കുന്നു. ജീവിക്കുന്ന സമൂഹത്തിൽ ക്രൈസ്തവസാക്ഷ്യം നൽകുക എന്നതാണു യഥാർത്ഥ ക്രിസ്ത്യാനിയുടെ ദൗത്യം. ഭാരതത്തിലെ ക്രൈസ്തവർ ആ ദൗത്യനിർവഹണത്തിലാണ് എന്നും ഏർപ്പെട്ടിരുന്നത്. അപവാദങ്ങളും അസത്യങ്ങളും ചാർത്തി ആ പ്രേഷിത ചൈതന്യം ആർക്കും കെടുത്താനാവില്ല.

## ആർക്കും കൊട്ടാവുന്ന ചെണ്ട

യേശുവിൽ വിശ്വസിക്കുന്നവർക്കു സമാധാനത്തിന്റെ വഴി മാത്രമാണു സാധിക്കുക. അതുകൊണ്ടു ചില സമുദായങ്ങളെക്കുറിച്ചു പറഞ്ഞാൽ ഉണ്ടാകുന്നതുപോലുള്ള പ്രതികരണങ്ങൾ ക്രൈസ്തവരെക്കുറിച്ചു പറഞ്ഞാൽ ഉണ്ടാവില്ലെന്ന് എല്ലാവർക്കും അറിയാം. അതു ക്രൈസ്തവ വഴിയല്ല. എന്നാൽ, പ്രധാന പുരോഹിതനായ കയ്യഫാവിന്റെ അരമനയിൽ വച്ച്, അന്യായമായി കരണത്തടിച്ചവനോട് ഞാൻ പറഞ്ഞതു തെറ്റാണെങ്കിൽ അതു തെളിയിക്കുക; ശരിയാണു പറഞ്ഞതെങ്കിൽ എന്തിന് നീ എന്നെ അടിക്കുന്നു (യോഹ.18:23) എന്നു ചോദിച്ചതും യേശു തന്നെയാണ്. പൗലോസ് കാണിച്ച (അ.പ്ര.25:11,12,25) മാതൃകയുടെ ഇന്നത്തെ രൂപമാകണം കോടതിയുടെ സംരക്ഷണം തേടുന്നത്. ആർക്കും കൊട്ടാവുന്ന ചെണ്ടയാണു ക്രൈസ്തവർ എന്നു വരുന്നത് നീതിക്ക് നിരക്കുന്നതല്ല.

അഭിപ്രായ സ്വാതന്ത്ര്യത്തിന് ഇന്ത്യൻ ഭരണഘടന ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം ലംഘിക്കുന്നവർക്കെതിരെ ഭരണഘടന അനുശാസിക്കുന്ന നടപടികൾക്കു മുന്നിട്ടിറങ്ങാൻ മുറിവേൽക്കുന്നവർക്കാവും. ചോദിക്കാനും പറയാനും ആളുണ്ടെന്നു വന്നാൽ ആർക്കും കൊട്ടാവുന്ന ചെണ്ട എന്ന സ്ഥിതി മാറുകയും ചെയ്യും.




☺ ഇന്ന് കാണുന്നത് ആത്മീയമോ, അവസരവാദമോ.

ബെൻസ് ജോൺസൺ, ചിറ്റുമല, കല്ലട, കൊല്ലം

**☹ കാര്യസാധ്യ പ്രീണനം**

☺ ഏതെങ്കിലും സഭാബന്ധത്തിലാണോ അതോ സ്വതന്ത്രമായാണോ താങ്കൾ വേല ചെയ്യുന്നത്.

റജി ഉമ്മൻ, കുഴിമറ്റം, പരുത്തുംപാറ, കോട്ടയം

**☹ വചനപ്രകാരം സഭയായി നിന്ന് വേലചെയ്യുന്നു. ദൈവത്തിന്റെ ദാസൻ സ്വതന്ത്രനല്ല. ദൈവത്തിന്റെ അടിമയാണ്.**

☺ നേതാക്കന്മാരുടെ പൊള്ളത്തരങ്ങൾ അറിയാമെങ്കിലും അവരെ ജനം പിന്നേയും ഉയർത്തുന്നതിനു കാരണം.

റീനാ സൈമൺ, കാരയ്ക്കാട്, കോട്ട, പത്തനംതിട്ട

**☹ ഇത് തന്നത്താൻ പൊങ്ങുന്നവനെ എടുത്തുപൊക്കുന്ന കാലം**

☺ ആകാശത്തുകൂടി ട്രെയിൻ ഓടിക്കാമോ എന്ന് ഒരു കേന്ദ്രമന്ത്രി ഇവിടത്തെ മുഖ്യമന്ത്രിയോട് ചോദിച്ചത് ശരിയോ.

ജെയ്മോൻ ബാബു, ചിന്നാർ, ഏലപ്പാറ, ഇടുക്കി

**☹ ഊരിപ്പിടിച്ച വാളിന്റെ നടുവിൽ കൂടി നടന്നതിന്റെ പരിചയം വച്ച് ചോദിച്ചതാ**

☺ യു.പി.യിൽ വെറും എട്ടാം ക്ലാസുകാരൻ ശസ്ത്രക്രിയ നടത്തി എന്നു വാർത്ത. എന്തു പറയുന്നു.

ജോയമ്മ വർഗ്ഗീസ്, ചെറുമല,കോട്ടപ്പുറം, തിരുവനന്തപുരം

**☹ ഇവിടെ ഒരു യോഗ്യതയും ഇല്ലാത്തവൻ ചത്തവനെവരെ ജീവിപ്പിക്കുന്നു**

☺ ഇന്ന് ഭർത്താവ് ഭാര്യയെ വിൽക്കുന്നു, മകളെ പീഡിപ്പിക്കുന്നു, അമ്മ മകളെ വിൽക്കുന്നു. ഇങ്ങനെ പോയാൽ നാളെ...

ജോജി മൈക്കിൾ, ഭരണിക്കാവ്, പള്ളിക്കൽ, കായംകുളം

**☹ പരസ്പരം കൊന്നുതിന്നും**

☺ പാസ്റ്റർമാരെക്കാൾ ദൈവത്തിനു പ്രയോജനം സുവിശേഷകരെക്കൊണ്ടാണ്. പക്ഷെ വിശ്വാസികൾക്ക് സുവിശേഷകരോട് അവജ്ഞയാണ്. എന്തേ ഇങ്ങനെ.

ജോബ് കുര്യൻ, നെട്ടൂർ, കുളനട, പത്തനംതിട്ട

**☹ കുയിലിനേക്കാൾ മനുഷ്യന് ഉപകാരി കാക്കയാണ്. പക്ഷെ, തട്ടിപ്പുമായി നടക്കുന്ന കുയിലിനെയാണ് ജനത്തിനു പ്രീയം. തലതിരിവെന്നല്ലാതെന്തു പറയാൻ**




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew